# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം

## പുത്തൻകാവ്, ചെങ്ങന്നൂർ

www.valiyaveettilputhencavu.org

**2025 മെയ് 1 വ്യാഴം**

## 47-ാം വാർഷിക സമ്മേളന അറിയിപ്പും പ്രവർത്തന റിപ്പോർട്ടും

## 2024 - 25ലെ വരവ് ചെലവ് കണക്കും 2025- 26ലെ ബഡ്ജറ്റും

# Managing Committee Members 2024 - 2025



# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം
# പുത്തൻകാവ്
# 47-ാം വാർഷിക സമ്മേളന നോട്ടീസ്

പ്രിയ കുടുംബാംഗങ്ങളേ,

നമ്മുടെ കുടുംബയോഗം പുനരുദ്ധരിക്കപ്പെട്ടതിനുശേഷം നടത്തുന്ന 47-ാം വാർഷിക സമ്മേളനം 2025 മെയ് മാസം 1-ാം തീയതി വ്യാഴാഴ്ച **രാവിലെ 7:00ന്** ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ വിശുദ്ധ കുർബ്ബാനാനന്തരം **കല്ലുങ്കൽ** ശാഖയുടെ ആഭിമുഖ്യത്തിൽ ആറാട്ടുപുഴ **സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ ഹാളിൽ** വച്ച് പ്രസിഡന്റ് ശ്രീ. ഈപ്പൻ ചെറിയാൻ അവറുകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്നതാണ്. സമ്മേളനം **ജസ്റ്റിസ് ബെഞ്ചമിൻ കോശി** ഉദ്ഘാടനം നിർവ്വഹിക്കുന്നു. മുഖ്യ പ്രഭാഷണം **രാജയോഗിനി ബ്രഹ്മാകുമാരി ഉഷ ബെഹൻ** നടത്തുന്നതാണ്.

കുടുംബാംഗങ്ങൾ ഒരുമിച്ചു കൂടുവാനും പരസ്പരം സന്തോഷം പങ്കിടുവാനും ഉള്ള അവസരമായി ഈ കൂടിവരവിനെ കണ്ട് എല്ലാ കുടുംബാംഗങ്ങളും വന്നു ചേരുവാൻ സ്നേഹപൂർവ്വം സ്വാഗതം ചെയ്തുകൊള്ളുന്നു.

എന്ന്

**കോശി കെ. ഉമ്മൻ**
*സെക്രട്ടറി*

പുത്തൻകാവ്
05.04.2025

## പ്രത്യേക ശ്രദ്ധയ്ക്ക്

01.05.2025 വ്യാഴാഴ്ച രാവിലെ 7:00 മണിക്ക് ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ വി. കുർബ്ബാനയ്ക്കുശേഷം പള്ളി ഹാളിൽ പ്രഭാത ഭക്ഷണം ഉണ്ടായിരിക്കുന്നതാണ്.

# പ്രോഗ്രാം


## 01.05.2025 വ്യാഴം

| | | |
|---|---|---|
| 7:00 a.m. | : | വി. കുർബ്ബാന ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ |
| 9:00 a.m. | : | രജിസ്ട്രേഷൻ |
| 10:00 a.m. | : | **പൊതുസമ്മേളനം** |
| അദ്ധ്യക്ഷൻ | : | **ശ്രീ. ഈപ്പൻ ചെറിയാൻ** (പ്രസിഡന്റ്) |
| പ്രാർത്ഥനാ ഗാനം | : | ലേഡീസ് വിംഗ് അംഗങ്ങൾ |
| ബൈബിൾ വായന | : | **പ്രൊഫ. ലീലാമ്മ ചെറിയാൻ** |
| പ്രാർത്ഥന | : | |
| അനുശോചനം | : | 2024 ലെ വാർഷിക സമ്മേളനത്തിനുശേഷം നിര്യാതരായ കുടുംബാംഗങ്ങളെ അനുസ്മരിക്കുന്നു. |
| സ്വാഗതം | : | **റവ. ഫാ. സാമുവേൽ റ്റി. ജോർജ്ജ്** |
| അദ്ധ്യക്ഷ പ്രസംഗം | : | **ശ്രീ. ഈപ്പൻ ചെറിയാൻ** |
| ഉദ്ഘാടനം | : | **ജസ്റ്റിസ് ബെഞ്ചമിൻ കോശി** |
| മുൻ വാർഷിക റിപ്പോർട്ട് | : | **ശ്രീ. കോശി കെ. ഉമ്മൻ** *(കുടുംബയോഗ സെക്രട്ടറി)* |
| മുഖ്യപ്രഭാഷകയെ പരിചയപ്പെടുത്തൽ | : | **ശ്രീമതി സരളാ സ്റ്റീഫൻ** |
| മുഖ്യപ്രഭാഷണം | : | **രാജയോഗിനി ബ്രഹ്മാകുമാരി ഉഷ ബെഹൻ** |
| ആശംസാപ്രസംഗം | : | **റവ. ഫാ. ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ** OIC |
| | : | **വെരി റവ. മാത്യു തോമസ് കോർഎപ്പിസ്കോപ്പാ** |
| | : | **റവ. ഫാ. പി. കെ. കോശി** |
| | : | **റവ. ഫാ. തോമസ് ജോസഫ്** |

| | | |
|---|---|---|
| **സ്വയം പരിചയപ്പെടുത്തൽ** | : | |
| പൊന്നാട അണിയിക്കൽ | : | 75 വയസ് തികഞ്ഞ കുടുംബാംഗങ്ങൾക്ക് (മുൻപ് ലഭിക്കാത്തവർക്ക്) |
| അനുമോദനം | : | പിഎച്ച്ഡി കരസ്ഥമാക്കിയ കുടുംബാംഗങ്ങൾക്ക് |
| പാരിതോഷിക വിതരണം | : | അർഹരായ വിദ്യാർത്ഥികൾക്ക് ഉന്നത മാർക്കിന്റെ അടിസ്ഥാനത്തിൽ |
| 2024 - 25 ലെ കണക്ക് | : | **ശ്രീ. ജോൺ ഈപ്പൻ** *(കുടുംബയോഗം ട്രഷറർ)* |
| 2025 - 26ലെ ബഡ്ജറ്റ് | : | " |
| ഓഡിറ്റ് റിപ്പോർട്ട് | : | **ശ്രീ. അഭിലാഷ് ചെറിയാൻ / ശ്രീ. സിസിൽ ജേക്കബ് ചെറിയാൻ** |
| 2025 - 26 ലേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് | : | |
| കാര്യാലോചന | : | വാർഷിക സമ്മേളനം 2026 |
| സമ്മാനദാനം | : | കലാപരിപാടികൾ അവതരിപ്പിച്ചവർക്ക് |
| കൃതജ്ഞത | : | **ശ്രീ. കോശി കെ. ഉമ്മൻ** *(സെക്രട്ടറി)* |

**പ്രാർത്ഥന, ആശിർവ്വാദത്തോടെ യോഗം അവസാനിക്കുന്നതും ഉച്ചഭക്ഷണത്തിനുവേണ്ടി പിരിയുന്നതുമാണ്. സമ്മേളനത്തിൽ കലാപരിപാടികൾ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നവർ മുൻകൂട്ടി സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.**

# പ്രസിഡന്റിന്റെ കത്ത്



''ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും''
(യോശുവാ 24:15)

എത്രയെത്ര സ്ഥാപനങ്ങളും സംഘടനകളും നമുക്ക് ചുറ്റും ഉയർന്നു കൊണ്ടിരിക്കുന്നു! അവ ഓരോന്നും പ്രത്യേക ലക്ഷ്യത്തോടും പ്രവർത്തന ശൈലിയോടും കൂടിയവ ആകുന്നു. എന്നാൽ മനുഷ്യനോളം പഴക്കമുള്ളതും ഏറ്റവും പ്രസക്തവുമായ ഒരു സ്ഥാപനം ഉണ്ട്. അതാണ് ''കുടുംബം'' അത് ഒരു കളരിയും സഹകരണ സ്ഥാപനവും, അഭയ കേന്ദ്രവും, പ്രത്യാശാ നിലയവും ആണ്. അവിടെയാണ് വ്യക്തിത്വം രൂപപ്പെടുന്നത്, ആദർശങ്ങളും ലക്ഷ്യങ്ങളും കരുപ്പിടിപ്പിക്കുന്നതും സ്നേഹത്തിന്റെയും ഐക്യത്തിന്റെയും മഹത്വം പഠിപ്പിക്കുന്നതും അവിടെയാണ്. അഥവാ അവിടെയാണ് അത് ആകേണ്ടത്.

ആയതിനാൽ നമ്മുടെ കുടുംബങ്ങൾ ശിഥിലീകരിച്ചു പോകാതിരിക്കുവാൻ കുടുംബയോഗങ്ങൾ പോലെയുള്ള സംവിധാനങ്ങൾ പ്രവർത്തനക്ഷമത ഉള്ളതായിത്തീരേണ്ടത് ഈ കാലഘട്ടത്തിൽ അനിവാര്യമാണ്.

പുനരുദ്ധരിച്ച നമ്മുടെ കുടുംബയോഗം കഴിഞ്ഞ 47 വർഷങ്ങളായി യാതൊരു മുടക്കവും കൂടാതെ നന്നായി പ്രവർത്തിച്ചുവരികയാണല്ലോ. ആയതിന്റെ പ്രവർത്തനങ്ങൾ നല്ലരീതിയിൽ മുമ്പോട്ട് പോകേണ്ടതിന്റെ പ്രാധാന്യം കാലഘട്ടത്തിന്റെ കൂടി ആവശ്യമാണ്.

കഴിഞ്ഞ ഒരു വർഷത്തെ നമ്മുടെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ പ്രതീക്ഷകൾ പൂർണ്ണതോതിൽ അല്ലെങ്കിലും ഏറെക്കുറെ നടപ്പിലാക്കുവാൻ സാധിച്ചതിന്റെ ചാരിതാർത്ഥ്യത്തിലാണ് ഞാൻ ഇപ്പോൾ ഇത് എഴുതുന്നത്.

ദീർഘകാലമായി നമ്മുടെ എല്ലാ യോഗങ്ങളിലും നിരന്തരമായി ചർച്ച ചെയ്യുകയും വിമർശിക്കപ്പെടുകയും ചെയ്തിരുന്ന വിഷയമായിരുന്നു കുടുംബയോഗ ചരിത്രഗ്രന്ഥത്തിന്റെ പുനരാവിഷ്ക്കര

ണവും പുനഃപ്രസിദ്ധീകരണവും. ഈ കാലയളവിൽ അത് യാഥാർത്ഥ്യ മായിരിക്കുന്നു എന്ന് അറിയിക്കുന്നതിൽ ഏറെ സന്തോഷവും അതിലേറെ അഭിമാനവും ഉണ്ട്.

കുടുംബയോഗാംഗങ്ങൾക്ക് ഇതിന്റെ പ്രവർത്തന സമിതിയോടും എക്സിക്യൂട്ടീവ് കമ്മറ്റിയോടും ഉള്ള വിശ്വാസവും അവർ നൽകിയ പ്രോത്സാഹനവും സഹായവും മൂലമാണ് ഇത് പൂർത്തിയാക്കുവാൻ സാധിച്ചത് എന്നുള്ളതിൽ തർക്കമില്ല.

കുടുംബയോഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾ, ചാരിറ്റി പ്രവർത്ത നങ്ങൾ, വാർദ്ധക്യത്തിലും രോഗാവസ്ഥയിലും കഴിയുന്ന കുടുംബാം ഗങ്ങളുടെ ഭവന സന്ദർശനങ്ങൾ, ശവസംസ്കാരചടങ്ങുകളിൽ പങ്കെടു ക്കലുകൾ, വിവാഹം മുതലായ സന്തോഷവേളകളിൽ പങ്കെടുക്കുക എന്നിവകൾ ഈ വർഷവും നല്ലരീതിയിൽത്തന്നെ നടത്തുവാൻ സാധിച്ചിട്ടുണ്ട്. കുടുംബാംഗങ്ങളുടെ മാനസിക ഉല്ലാസത്തിന് വേണ്ടിയുള്ള വിനോദയാത്രയും നടത്തുവാൻ കഴിഞ്ഞു.

ചരിത്ര ഗ്രന്ഥത്തിന്റെ ശേഷിക്കുന്ന കോപ്പികൾ, നാളിതുവരെ ലഭിച്ചിട്ടില്ലാത്ത ഭവനങ്ങളിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്. ആയത് വരുംതലമുറയ്ക്ക് പ്രയോജനപ്രദമാണ്. കോപ്പികൾ വാർഷികയോഗ ദിനത്തിൽ (മെയ് 1) സമ്മേളന സ്ഥലത്തു ലഭ്യമാണ്; ആയതിന് എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

നമ്മുടെ ശക്തി നമ്മുടെ കൂട്ടായ്മയാണ്. ഈ വർഷത്തെ നമ്മുടെ കൂടിവരവ് ഏറ്റവും അനുഗ്രഹപ്രദമായിത്തീരട്ടെ. ആയതിലേക്ക് ഏവരെയും സാദരം സ്വാഗതം ചെയ്തുകൊള്ളുന്നു.

സ്നേഹാദരവുകളോടെ,

**ഈപ്പൻ ചെറിയാൻ** (പ്രസിഡന്റ്)

ആറാട്ടുപുഴ
04.04.2025

# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം 46–ാമത് വാർഷികയോഗ റിപ്പോർട്ട് (2023 – 24)



*സെക്രട്ടറി*
**സഖറിയാ ജോൺ**

കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗത്തിന്റെ 46–ാമത് വാർഷിക സമ്മേളനം 2024 മെയ് മാസം 1–ാം തീയതി എഴിക്കകത്ത് ശാഖയുടെ ആതിഥേയത്വത്തിൽ ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്ത ഡോക്സ് പള്ളിയിൽ രാവിലെ 7:00മണിക്ക് കുടുംബയോഗ രക്ഷാധി കാരി റവ. ഫാ. തോമസ് ജോസഫ് അച്ചന്റെ മുഖ്യകാർമ്മികത്വത്തിലും മുഖ്യ രക്ഷാധികാരി വെരി. റവ. മാത്യു തോമസ് കോർ എപ്പിസ് കോപ്പായുടെ സഹകാർമ്മികത്വത്തിലും പ്രഭാത നമസ്ക്കാരവും തുടർന്ന് ധൂപ പ്രാർത്ഥനയും നടത്തി.

മാർത്തോമ്മാ സഭയുടെ ആറാട്ടുപുഴ തരംഗം മിഷൻ ആക്ഷൻ സെന്ററിൽ പ്രഭാത ഭക്ഷണത്തിന് ശേഷം വിവിധ ഗെയിംസ്കളോടെ പരിപാടികൾ ആരംഭിച്ചു. തുർന്ന് രജിസ്ട്രേഷൻ നടന്നു. അതിനോട് അനുബന്ധിച്ച് 10 മണിക്ക് പൊതുസമ്മേളനം പ്രസിഡന്റ് വെ. റവ. മാത്യൂ തോമസ് കോർ എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ശ്രീമതി റോഷിനി ചെറിയാൻ യോഗത്തിന്റെ മാസ്റ്റർ ഓഫ് സെറിമണി ആയിരുന്നു.

എഴിക്കകത്ത് ശാഖാംഗങ്ങളായ ശ്രീമതി വത്സലാ ജോസഫ്, ശ്രീമതി അന്നാ ജോസഫ് എന്നിവർ ചേർന്ന് പ്രാർത്ഥനാഗാനം ആലപിച്ചു. തുടർന്ന് ശ്രീമതി വത്സലാ ജോസഫ് 133–ാം സങ്കീർത്തനം വായിച്ചു. മുഖ്യ രക്ഷാധികാരി വെരി. റവ. മാത്യു തോമസ് കോർ എപ്പിസ്കോപ്പാ പ്രാർത്ഥന നടത്തി. സെക്രട്ടറി ശ്രീ. സഖറിയാ ജോൺ 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെയുള്ള കാലയളവിൽ വാങ്ങിപ്പോയ കുടുംബാംഗങ്ങളുടെ പേരുവിവരങ്ങൾ വായിച്ചു.

യോഗാംഗങ്ങൾ എഴുന്നേറ്റു നിന്ന് പ്രാർത്ഥന നടത്തി അനുശോചനം രേഖപ്പെടുത്തി.

ശ്രീ. ജോർജ്ജി എ. തോമസ് വേദിയിലും സദസ്സിലും ഉള്ള എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് വെരി. റവ. മാത്യു തോമസ് കോർ എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷ പ്രസംഗത്തിൽ കുടുംബ യോഗത്തിന്റെ ആറു ശാഖകളെ വേദപുസ്തക അടിസ്ഥാനത്തിൽ താരതമ്യപ്പെടുത്തിയപ്പോൾ മനസ്സിലായ ഒരു പ്രത്യേകത കാനാവിലെ കല്യാണവിരുന്നിൽ യേശു ആശീർവദിച്ച വെള്ളം നിറച്ച ആറ് കൽഭരണികളോടാണ് എന്നുള്ളതാണ്. മനുഷ്യർക്ക് പുതുജീവൻ, പ്രത്യാശ, പരിശുദ്ധാത്മാവിന്റെ നൽവരങ്ങൾ തുടങ്ങിയവ നൽകുന്ന തിന്റെ പ്രതീകമായി കർത്താവ് വാഴ്ത്തി ശുദ്ധീകരിച്ചതായ പച്ച വെള്ളം മേൽത്തരമായ വീഞ്ഞ് ആയിത്തീർന്നതുപോലെ ഈ ആറ് ശാഖകളും ദൈവസന്നിധിയിൽ അനുഗ്രഹിക്കപ്പെട്ട് സമൂഹത്തിന് നന്മകൾ പകർന്ന് കൊടുക്കുവാൻ ഇടയാകട്ടെ എന്ന് ആശംസിച്ചു. ഭവനങ്ങൾ, കുടുംബങ്ങൾ എന്നിവ ഒരു സമൂഹത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ്. ഇന്നത്തെ ഭവനങ്ങൾ കൂട്ടുകുടുംബം എന്നത് മാറി അണുകുടുംബങ്ങൾ ആയി തീർന്നിരിക്കുകയാണ്. ഭവനങ്ങളിൽ പ്രായമായ മാതാപിതാക്കൾ ഇല്ലാത്തതായ അവസ്ഥയിൽ പ്രശ്നങ്ങൾ വന്നാൽ പരിചയസമ്പന്നരായ ആൾക്കാരുടെ അഭാവം പ്രകടമാണ്. മാധ്യമങ്ങളിൽ കൂടി ക്രിസ്തീയ വിശ്വാസത്തെ ഹനിക്കുന്ന രീതിയിലുള്ള പ്രസംഗത്തിന്റെ ക്ലിപ്പുകൾ അയച്ചുകൊടുക്കുന്ന നിരീശ്വരവാദികൾ, പ്രായമായവരെ വേണ്ടവണ്ണം പരിചരിക്കുവാൻ ഇളംതലമുറ ഇല്ലാതാവുന്ന അവസ്ഥയിൽ, കൂടിവരുന്ന വൃദ്ധസദനങ്ങൾ എന്നതിനെയൊക്കെ അതിജീവിക്കുവാൻ ഇങ്ങനെയുള്ള കൂട്ടായ്മകൾ ഇടയാക്കട്ടെ. കാളിയാങ്കൽ വലിയവീട്ടിൽ കുടുംബം അതിന് അനുഗ്രഹകരമായ രീതിയിൽ പ്രവർത്തിക്കുവാനും എല്ലാവരേയും ഒരുമിച്ച് കൂട്ടുവാനും അവരിൽ ദൈവീകമായ വിശ്വാസവും സമാധാനവും കൊടുക്കുവാൻ ഉപയുക്തമായിത്തീരുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിച്ചും ആശംസിച്ചും അദ്ധ്യക്ഷപ്രസംഗം അവസാനിപ്പിച്ചു. ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ അച്ചൻ തന്റെ ആശംസാ പ്രസംഗത്തിൽ നമ്മുടെ കൂടിവരവിന് എല്ലാ സ്നേഹത്തിന്റെ നന്മകളും അനുഗ്രഹാശിസ്സുകളും നേർന്ന് വീണ്ടും ഒരു വർഷംകൂടി കടന്നുവരാൻ ദൈവം അനുവദിച്ച സാഹചര്യത്തിന് നന്ദി പറഞ്ഞു.

ശ്രീ. ഈപ്പൻ ചെറിയാൻ ഉദ്ഘാടകനായ റവ. ഫാ. ഡോ. ബിജു ഫിലിപ്പ് പയ്യമ്പള്ളിൽ അച്ചനെ സദസ്സിന് വിശദമായി പരിചയപ്പെടുത്തി.

ഉദ്ഘാടകനായ റവ. ഫാ. ഡോ. ബിജു ഫിലിപ്പ് പയ്യമ്പള്ളിൽ തന്റെ പ്രസംഗത്തിൽ ഉൽപ്പത്തി 42-ാം അദ്ധ്യായത്തിൽ യോസഫ് തന്റെ സഹോദരന്മാരെ അവരുടെ ബുദ്ധിമുട്ടിൽ കരുതിയതുപോലെ ആകണം കുടുംബയോഗത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യം എന്ന് പറഞ്ഞു. ലോകം ഒരുപാട് മാറിക്കൊണ്ടിരിക്കുകയാണ്. കുടുംബങ്ങളെക്കുറിച്ചുള്ള യുവതലമുറയുടെ കാഴ്ചപ്പാടുകൾ വ്യത്യസ്തമാണ്. മാതാപിതാക്കൾ ഒറ്റപ്പെട്ടു. മക്കളുടെ ഭാവിയിലും പണസമ്പാദനത്തിലും അവർ സന്തോഷിക്കുന്നു എന്ന് തോന്നാമെങ്കിലും അവരുടെ ഉള്ള് വേദനയിലാണ്. മാതാപിതാക്കൾക്ക് മക്കളുടെ മനസ്സും മക്കൾക്ക് മാതാപിതാക്കളുടെ മനസ്സും അറിയുവാൻ സാധിക്കാത്ത ലോകത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ മക്കൾക്ക് ഇവിടെ ജീവിത ഉപാധികൾ ഉണ്ടാക്കികൊടുക്കുവാനും സമൂഹത്തിൽ ഉന്നമനം പ്രാപിക്കുന്നവരാക്കി തീർക്കുവാനും നമ്മുടെ ഇങ്ങനെയുള്ള കൂട്ടായ്മയിൽകൂടി സാധിക്കണം എന്ന ആഹ്വാനത്തോടുകൂടി സമ്മേളനം ഉദ്ഘാടനം ചെയ്തതായി പ്രസ്താവിച്ചു.

നമ്മുടെ കുടുംബത്തിലെ രോഗാവസ്ഥയിൽ കൂടികടന്ന്പോകുന്നവർക്ക് ഉപകാരപ്രദമായിത്തീരുവാൻ പുഷ്പഗിരി ആശുപത്രിയുടെ അഞ്ച് പ്രിവിലേജ് കാർഡുകൾ റവ. ഫാ. ഡോ. ബിജു ഫിലിപ്പ് പയ്യമ്പള്ളിൽ ശ്രീ. ഈപ്പൻ ചെറിയാന് കൈമാറി. വെരി. റവ. മാത്യു തോമസ് കോർഎപ്പിസ്കോപ്പാ ഉദ്ഘാടകന് മെമന്റോ നൽകി ആദരിച്ചു.

മുഖ്യപ്രഭാഷണം നടത്തുവാനായി എത്തിച്ചേർന്ന ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ കപ്പുച്ചിൻ അച്ചനെ കേണൽ എ. ജെ. ജോർജ്ജ് വിശദമായി സദസ്സിന് പരിചയപ്പെടുത്തി.

ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ മുഖ്യപ്രഭാഷണത്തിൽ ചിരിപ്പിച്ചും ചിന്തിപ്പിച്ചും തന്റെ തനതായ ശൈലിയിൽ വാക്കുകൾ പകർന്ന് തന്നു. മുതിർന്നവർ തമ്മിൽ കണ്ട് സന്തോഷിക്കുവാനും, ഇളംതലമുറയ്ക്ക് മുതിർന്നവരെ കണ്ടു സന്തോഷിക്കുവാനും അറിയുവാനും ദൈവം തരുന്ന ഒരു അവസരം ആണ് കുടുംബയോഗങ്ങളുടെ ഒത്തുചേരൽ. ദൈവം തന്ന കുടുംബത്തിൽ യേശു നമ്മുടെ നാഥനായിരിക്കട്ടെ. 10 പ്രമാണങ്ങൾ പാലിക്കുന്ന കുടുംബമായിതീരണം. കർത്താവ് കുടുംബത്തെ ആദ്യമായി ആശീർവദിച്ചത് കാനാവിലെ ഭവനത്തിലാണ്. നിങ്ങളുടെ കുടുംബത്തെയും ദൈവം - ക്രിസ്തു ആശ്വസിപ്പിക്കും.

കാളിയാങ്കൽ വലിയവീട്ടിൽ കുടുംബത്തിന്റെ ആറു ശാഖകളും ഇനി ഒരുമിച്ച് കൂടുമ്പോൾ കർത്താവിന്റെ അനുഗ്രഹമുള്ള കുടുംബാംഗ ങ്ങളായി നമുക്ക് ജീവിക്കുവാൻ ഇടയാകട്ടെ എന്നും മുഖ്യപ്രഭാഷണ ത്തിൽ പറയുകയുണ്ടായി.

കേണൽ എ. ജെ. ജോർജ്ജ് ഒരു ഓക്സിജൻ ജനറേറ്റർ പുത്തൻ കാവ് ശരണാലയത്തിന് കൊടുക്കാം എന്ന് യോഗത്തിൽ വാഗ്ദാനം ചെയ്തു. അതുപോലെ എഴിക്കകത്ത് ശാഖ കുടുംബയോഗത്തിന്റെ ചാരിറ്റി പ്രവർത്തനങ്ങൾക്കായി ഒരു എൻഡോവ്മെന്റ് ഫണ്ട് വാഗ്ദാനം ചെയ്തു.

ശ്രീ. പ്രസാദ് മാമ്മൻ, ശ്രീ. ബേബി രാജൻ, മാസ്റ്റർ കുഞ്ചെറിയ വൈദ്യൻ, കുമാരി റൈന സൂസൻ റോബിൻ എന്നിവർ ഗാനം ആലപിച്ചു. തുടർന്ന് ശ്രീ. പി. കെ. ഗീവറുഗീസും ശ്രീമതി വത്സമ്മ ഗീവറുഗീസും ചേർന്ന് കവിത പാരായണം ചെയ്തു. ശ്രീമതി അന്നാ ജോസഫ് ഒരു സംഗീതം ആലപിച്ചു. കൂടാതെ കുമാരി നീനു സാറാ തോമസ്, സോയില ലെയാ ജോസഫ്, ബെൻസി ജോൺസൺ, മലയിൽ സിസ്റ്റേഴ്സ് എന്നിവരുടെ സംഗീതവും അന്നാ എൽസ ഈപ്പൻ, അബിഗെയ്ൽ എന്നിവരുടെ നൃത്തവും അവതരിപ്പിക്കപ്പെട്ടു.

റവ. ഫാ. തോമസ് ജോസഫ്, ഫാ. സാമുവൽ റ്റി. ജോർജ്ജ്, ശ്രീ.ജോയി തോമസ് പ്ലാന്തോട്ടം എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. കുടുംബയോഗത്തിന്റെ ചരിത്ര പുസ്തക പുനഃപ്രസിദ്ധീകരണ ത്തിന്റെ കൺവീനർ കൂടിയായ റവ. ഫാ. സാമുവൽ റ്റി. ജോർജ്ജ് അച്ചൻ ചരിത്ര പുസ്തകം പ്രസിദ്ധീകരിക്കുന്നതിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുകയും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുകയും ഈ വർഷം തന്നെ പ്രസിദ്ധീകരിക്കുവാൻ സാധി ക്കും എന്ന പ്രത്യാശ പ്രകടിപ്പിക്കുകയും ചെയ്തു.

തുടർന്ന് 75 വയസ്സു പൂർത്തിയാക്കിയ കുടുംബാംഗങ്ങളെ പൊന്നാട അണിയിച്ച് ആദരിച്ചു.

1) ശ്രീ. ദയ ജേക്കബ്, മാമൂട്ടിൽ, മുളക്കുഴ
2) ശ്രീമതി ഏലിയാമ്മ ചാക്കോ, പുത്തൻപുരയ്ക്കൽ, മാക്കുളം, പത്തനാപുരം
3. ശ്രീ. പോത്തൻ ചെറിയാൻ, നല്ലൂർ പുത്തൻപീടിക, ആറാട്ടുപുഴ
4. ശ്രീമതി ആനി മാമ്മൻ മലയിൽ വലിയവീട്, പെണ്ണുക്കര

5. ശ്രീ. കെ. റ്റി. അലക്സാണ്ടർ കൊച്ചീപ്പൻതരകന്റങ്ങ്, പുത്തൻകാവ്
6. ശ്രീ. ജോർജ്ജ് ജോസഫ്, എഴിക്കകത്ത്, പത്തനാപുരം
7. ശ്രീ. എ. ജെ. ചെറിയാൻ, എഴിക്കകത്ത്, ഷൊർണൂർ
8. ശ്രീ. എ. ഒ. ജോസഫ്, എഴിക്കകത്ത്, കുരിയോട്ട്, പത്തനാപുരം
9. ശ്രീമതി മേരിക്കുട്ടി ജോസഫ്, എഴിക്കകത്ത്, പത്തനാപുരം
10. ശ്രീമതി മറിയാമ്മ എബ്രഹാം, എഴിക്കകത്ത്, മാക്കുളം, പത്തനാപുരം
11. ശ്രീമതി ശോശാമ്മ ജോസഫ്, എഴിക്കകത്ത്, കടയ്ക്കാമൺ, പത്തനാപുരം
12. ശ്രീമതി മറിയാമ്മ ഉമ്മൻ, എഴിക്കകത്ത് കടയ്ക്കാമൺ, പത്തനാപുരം
13. ശ്രീമതി ജോളി ചെറിയാൻ, എഴിക്കകത്ത്, ഷൊർണൂർ.

സെക്രട്ടറി ശ്രീ. സഖറിയ ജോൺ 2023 – 24ലെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. തുടർന്ന് ട്രഷറാർ ശ്രീ. ജോൺ ഈപ്പൻ വാർഷിക കണക്കും ബജറ്റും അവതരിപ്പിച്ചു. ഓഡിറ്റർ ശ്രീ. അഭിലാഷ് ചെറിയാൻ ഓഡിറ്റ് റിപ്പോർട്ട് വായിച്ചു. അതിനുശേഷം കണക്ക് അംഗീകരിച്ചതായി യോഗത്തിൽ പ്രഖ്യാപനം ഉണ്ടായി.

തുടർന്ന് നടന്ന കാര്യാലോചന ചർച്ചയിൽ അടുത്ത വർഷത്തെ കുടുംബയോഗ വാർഷികം കല്ലുങ്കൽ ശാഖയുടെ ചുമതലയിൽ 2025 മെയ് 1–ാം തീയതി നടത്തുന്നതാണെന്ന് ശ്രീ. കെ. സി. ചാക്കോ കൊളഞ്ഞികൊമ്പിൽ യോഗത്തെ അറിയിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു.

അതിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ 2024– 25 വർഷത്തെ ഭാരവാഹികളായി താഴെപ്പറയുന്നവരെ തെരഞ്ഞെടുത്തു.

1) പ്രസിഡന്റ് – ശ്രീ. ഈപ്പൻ ചെറിയാൻ, നല്ലൂർ പുത്തൻവീട്
2) വൈസ് പ്രസിഡന്റ് – ശ്രീമതി വൽസല ജോസഫ്,എഴിക്കകത്ത് ബംഗ്ലാവ്
3) അഡ്വൈസർ – ശ്രീ. കെ. സി. ചാക്കോ, കൊളഞ്ഞികൊമ്പിൽ
4) സെക്രട്ടറി – ശ്രീ. കോശി കെ. ഉമ്മൻ, കോട്ടപ്പാട്ട്
5) ജോയിന്റ് സെക്രട്ടറി – ശ്രീ. ജേക്കബ് ജി. കൊച്ചിട്ടി, നല്ലുമലയിൽ

6) ട്രഷറാർ – ശ്രീ. ജോൺ ഈപ്പൻ, കരിപ്പാച്ചേരിൽ
7) ഓഡിറ്റർ –ശ്രീ. അഭിലാഷ് ചെറിയാൻ, നന്തളത്ത് പുത്തൻ പുരയ്ക്കൽ
8) ഓഡിറ്റർ – ശ്രീ. സിസിൽ ജേക്കബ് ചെറിയാൻ, മാമൂട്ടിൽ

25 അംഗങ്ങളുള്ള കമ്മറ്റിയെയും തെരഞ്ഞെടുത്തു. പുതിയ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ഈപ്പൻ ചെറിയാൻ പുതിയ ഭരണ സമിതിക്കുവേണ്ടി തീരുമാനം അംഗീകരിച്ചുകൊണ്ട് സംസാരിച്ചു. അതിനോട് ചേർന്ന് ചരിത്രപുസ്തക പ്രസിദ്ധീകരണത്തിന്റെ നിജസ്ഥിതിയെപ്പറ്റി വിവരിക്കുകയും എല്ലാവരുടെയും സഹായ സഹകരണങ്ങൾക്കും നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. ഗെയിംസിൽ കസേരകളി, മെമ്മറി ടെസ്റ്റ്, ലൈറ്റിംഗ് കാൻഡിൽ എന്നീ ഇനങ്ങളിൽ സമ്മാനാർഹർക്കും കലാപരിപാടികൾ അവതരിപ്പിച്ച എല്ലാവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.

തുടർന്ന് ശ്രീ. ചെറിയാൻ പി. ഉമ്മൻ എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. പ്രാർത്ഥന, ആശീർവാദത്തോടെ യോഗം അവസാനിക്കുകയും ഭക്ഷണത്തിനായി പിരിയുകയും ചെയ്തു.


എന്ന്,

*പ്രസിഡന്റ്*
**വെരി റവ. മാത്യു തോമസ് കോർഎപ്പിസ്കോപ്പാ**

*സെക്രട്ടറി*
**സഖറിയാ ജോൺ**

## അറിയിപ്പ്

ഉന്നത മാർക്കിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പുകളുടെ വിവരങ്ങൾ (മാർക്ക് ലിസ്റ്റിന്റെ പതിപ്പ്) ഏപ്രിൽ 25.04.2025 മുമ്പായി കുടുംബ യോഗം സെക്രട്ടറി ശ്രീ. കോശി കെ. ഉമ്മനെ ഏൽപ്പിക്കേണ്ടതാണ്. മൊബൈൽ: 9746220327



കോശി കെ. ഉമ്മൻ

# പ്രവർത്തന റിപ്പോർട്ട് 2024 – 25

കുടുംബയോഗത്തിന്റെ പ്രവർത്തനങ്ങൾ ഓരോ വർഷവും ഭംഗിയായി മുൻപോട്ടു കൊണ്ടുപോകുവാൻ സഹായിക്കുന്ന ദൈവത്തിന് സ്തോത്രം അർപ്പിച്ചുകൊണ്ട് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുന്നു. ഇതിന്റെ മുൻപോട്ടുള്ള പ്രയാണത്തിന് സഹായിച്ചിട്ടുള്ള നമ്മുടെ പൂർവ്വ പിതാക്കന്മാരെയും മുൻകാല ഭാരവാഹികളെയും നന്ദിയോടെ സ്മരിക്കുന്നു.

2024 മെയ് ഒന്നാം തീയതി കൂടിയ പൊതുയോഗത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ നിലവിൽ പ്രവർത്തിക്കുന്നു. രണ്ടു വർഷത്തിൽ ഒരിക്കൽ തെരഞ്ഞെടുപ്പ് നടത്തി ഭാരവാഹികൾ മാറുന്ന പതിവാണല്ലോ ഉള്ളത്. ആയതിനാൽ നിലവിലുള്ള ഭരണസമിതി 2025 –26 വർഷത്തിലും തുടരുന്ന കാര്യം 2025 മെയ് ഒന്നാം തീയതി കൂടുന്ന പൊതുയോഗം തീരുമാനിക്കണം.

രക്ഷാധികാരിമാരായ ബഹുമാനപ്പെട്ട വൈദീക ശ്രേഷ്ഠർ, ഔദ്യോഗീക ഭരണസമിതി, ലേഡീസ് വിംഗ്, യൂത്ത് വിംഗ് എന്നിവരുടെ സഹായ സഹകരണങ്ങളും നന്ദിയോടെ സ്മരിക്കുന്നു.

**നിര്യാതരായവർ**

2024 മെയ് 1 –ാംതീയതി കൂടിയ വാർഷിക സമ്മേളനത്തിന് ശേഷം നമ്മുടെ കുടുംബങ്ങളിൽ നിന്നും കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ട അംഗങ്ങളുടെ പേരുവിവരം താഴെ ചേർക്കുന്നു. ഈ പ്രിയപ്പെട്ടവരുടെ ദേഹവിയോഗത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുകയും, സംസ്കാര ശുശ്രൂഷകളിൽ നമ്മുടെ വൈദീകരും ഭാരവാഹികളും അംഗങ്ങളും പോയി സംബന്ധിക്കുകയും റീത്ത് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

1. Mrs. Mariamma Varughese, Ayanthikarottu Puthenpurackal, Chennai
2. Mr. Abraham Mathew, Pynummoottil, Mangalam
3. Mrs. Saramma Varughese, Malayil Allunkal, Seethathode
4. Ms. P.M.Susamma, Puthenpurackal, Mulakuzha

5. Mrs. Ammini George, Malayil Pynummoottil, Kottayam
6. Mr. P.K. Varughese, Kizhakke Puthenpurackal Poykayil, Neervilakom
7. Mr. P. T. Geevarughese, Pynummoottil, Mulakuzha
8. Mrs. Sosamma Yohannan, Nedumparampil Puthenpurackal, Pathanapuram
9. Mrs. Saly Ninan, Kizhakke Puthenpurackal, Puthencavu
10. Mr. T.M.Kochukunju, Thoppil House, Puthencavu
11. Mr. George Joseph, Ezhikkakathu Bunglow, Pathanapuram
12. Mr. Toji Abraham, Malayil Pynummoottil, Mulakuzha
13. Mrs. Annamma Kochukunju, Thoppil House, Puthencavu
14. Mrs. Sarah Mathew, Kollamparambil, Trivandrum
15. Mrs. Mariamma Abraham, Ezhikkakathu, Makkulam, Pathanapuram
16. Mrs. Sosamma Thomas, Mannil House, Piralassery
17. Mr. Reji John Thomas, Karippacheril, Konni
18. Mrs. Ammini Eapen, Njalummoottil, Arattupuzha
19. Mr. J. Jacob, Karippacheril, Kollam
20. Mr. Tony Chacko Joseph, Ezhikkakathu Bunglow, Mulakuzha
21. Mr. Varughese Tharakan, Kocheeppantharakan, Pennukkara
22. Mr. N.G.Stephen, Nallumalayil house, Arattupuzha

**ഓണാഘോഷം 2024**

2024 ലെ ഓണാഘോഷം സെപ്റ്റംബർ മാസം 17 -ാം തീയതി ചൊവ്വാഴ്ച രാവിലെ മണ്ണിൽ കോട്ടപ്പാട്ട് വീട്ടിൽ സെക്രട്ടറി ശ്രീ. കോശി ഉമ്മന്റെ ഭവനാങ്കണത്തിൽ നടത്തപ്പെട്ടു.

ഓണാഘോഷത്തിന്റെ നോട്ടീസ് എല്ലാ ഭവനങ്ങളിലും വിതരണം ചെയ്യുകയും ദൂരസ്ഥലങ്ങളിൽ താമസിക്കുന്നവരെ പോസ്റ്റ് മുഖേന അറിയിക്കുകയും ചെയ്തു.

കുടുംബയോഗം പ്രസിഡന്റ് ശ്രീ. ഈപ്പൻ ചെറിയാൻ, മുഖ്യ രക്ഷാധികാരി വെരി റവ. മാത്യു തോമസ് കോർ എപ്പിസ്കോപ്പ, മുഖ്യ അതിഥി പ്രൊഫ. ഡോ. അന്നാമ്മ ജേക്കബ്, രക്ഷാധികാരി റവ. ഫാ. തോമസ് ജോസഫ് എന്നിവർ വേദിയിൽ ഉപവിഷ്ഠരായിരുന്നു.

സങ്കീർത്തന പാരായണത്തിനും പ്രാർഥനയ്ക്കും ശേഷം മുൻ പ്രസിഡന്റ് ശ്രീ. പി. കെ. ഗീവറുഗീസ് എല്ലാവരെയും ഓണാഘോഷ സമ്മേളനത്തിലേക്ക് ഹാർദ്ദവമായി സ്വാഗതം ചെയ്തു.

തുടർന്ന് നമ്മുടെ കുടുംബാംഗങ്ങളായിരുന്നവരുടെയും വയനാട് ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെയും വിയോഗത്തിൽ അനുശോചിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

പ്രസിഡന്റ് ശ്രീ. ഈപ്പൻ ചെറിയാൻ തന്റെ അധ്യക്ഷ പ്രസംഗത്തിൽ, ചെറുപ്രായത്തിലെ ഗൃഹാതുരത്വം തുളുമ്പുന്ന ഓണാഘോഷത്തെക്കുറിച്ചു വിശദമായി സംസാരിക്കുകയും ഇപ്പോഴത്തെ തലമുറയ്ക്ക് അവയൊക്കെയും അന്യം നിന്നുപോയിരിക്കുകയാണ് എന്ന് ഓർമിപ്പിക്കുകയും ചെയ്തു.

മുഖ്യരക്ഷാധികാരി വെരി റവ. മാത്യു തോമസ് കോർ എപ്പിസ്കോപ്പ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ കുടുംബ ബന്ധങ്ങൾ കൂടുതൽ ഊഷ്മളം ആക്കുന്നതിന് ഓണാഘോഷം പോലുള്ള പരിപാടികൾ കൂടുതൽ പങ്കുവഹിക്കുന്നുണ്ട് എന്ന് ഓർമിപ്പിച്ചുകൊണ്ട് വിളക്ക് തെളിയിച്ച് പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു.

**ഓണസന്ദേശം:**

ശ്രീമതി വത്സലാ ജോസഫ് മുഖ്യ അതിഥിയെ സദസ്സിന് പരിചയപ്പെടുത്തി. തുടർന്ന് പ്രൊഫ. ഡോ. അന്നാമ്മ ജേക്കബ് തന്റെ സന്ദേശത്തിൽ കുടുംബജീവിതം എങ്ങനെ കൂടുതൽ സന്തോഷപ്രദമാക്കാം എന്നുള്ളതിനെ കുറിച്ച് വിശദമായി സംസാരിച്ചു. കുടുംബ ജീവിതത്തിൽ ചില നിയന്ത്രണങ്ങൾ വരുത്തേണ്ടതാണെന്നും അതിനായി ക്ഷമിക്കുക, സഹിക്കുക, വഹിക്കുക എന്നീ മൂന്നുകാര്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും അതിൽ കൂടി ജീവിതത്തിന് ലാളിത്യവും സൗന്ദര്യവും ഉണ്ടാകുമെന്നും പറഞ്ഞു. എല്ലാവരും ആഹ്ളാദചിത്തരായി ജീവിക്കുവാൻ സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ടും ഓണാശംസകൾ നേർന്നുകൊണ്ടും സന്ദേശം അവസാനിപ്പിച്ചു.

മഹാബലിയുടെ കാലത്തെപോലെ സമൃദ്ധിയുടെയും സന്തോഷത്തിന്റെയും പങ്കിടലിന്റെയും അനുഭവം പ്രാവർത്തികമാക്കുവാൻ ശ്രമിക്കണം എന്ന് ഓർമപ്പെടുത്തിക്കൊണ്ടു രക്ഷാധികാരി റവ. ഫാ. തോമസ് ജോസഫ് ആശംസാ പ്രസംഗം നടത്തി.

മികച്ച വനിതാ കർഷകയായിട്ട് കേരള സർക്കാരിന്റെ അവാർഡ് നേടിയ നമ്മുടെ കുടുംബാംഗം ഓമല്ലൂർ പൈനുംമൂട്ടിൽ ശ്രീമതി വിൽസമ്മ ഉമ്മനെ റവ ഫാ. തോമസ് ജോസഫ് സദസ്സിന് പരിചയപ്പെടുത്തുകയും മുഖ്യ

രക്ഷാധികാരി വെരി റവ. മാത്യു തോമസ് കോർ എപ്പിസ്കോപ്പ പൊന്നാട അണിയിച്ചു ആദരിക്കുകയും ചെയ്തു. മുഖ്യാതിഥി ആയി എത്തിയ പ്രൊഫ. ഡോ. അന്നാമ്മ ജേക്കബിന് കുടുംബയോഗം പ്രസിഡന്റ് ശ്രീ. ഈപ്പൻ ചെറിയാൻ മെമെന്റോ നൽകി ആദരിച്ചു.

വിവിധ കലാപരിപാടികൾ യോഗത്തിൽ അവതരിപ്പിക്കുകയു ണ്ടായി. നേഹാ സാറായുടെയും വനിതാവിഭാഗത്തിന്റെയും ഓണപ്പാട്ടു കൾ, മലയിൽ സിസ്റ്റേഴ്സ്, അലിഷാ മോനി എന്നിവരുടെ പാട്ട്, സേബ മറിയം കോശിയുടെ ഡാൻസ്, ശ്രീ. ജോർജ് മാമ്മന്റെ ക്വിസ് പ്രോഗ്രാം എന്നീ പരിപാടികൾ അവതരിപ്പിക്കപ്പെട്ടു.

സെക്രട്ടറി ശ്രീ. കോശി ഉമ്മൻ, കടന്നുവന്നവരും സഹകരിച്ചവരുമായ എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് വിഭവസമൃദ്ധമായ ഓണ സദ്യയോടെ സമ്മേളന പരിപാടി സമാപിച്ചു.

**പുനഃപ്രസിദ്ധീകരിക്കുന്ന കുടുംബ ചരിത്ര പുസ്തകത്തിന്റെ പ്രകാശനവും 2024 ലെ ക്രിസ്തുമസ് ആഘോഷവും**

പുത്തൻകാവ് കളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗത്തിന്റെ 2024 ലെ ക്രിസ്തുമസ് ആഘോഷപരിപാടിയും പുനഃപ്രസിദ്ധീകരിച്ച കുടുംബചരിത്രത്തിന്റെ പ്രകാശനവും 2024 ഡിസംബർ മാസം 27-ാം തീയതി ആറാട്ടുപുഴ തരംഗം മിഷൻ ആക്ഷൻ സെന്ററിൽ വെച്ച് നടത്തുകയുണ്ടായി.

ആഘോഷങ്ങളുടെ നോട്ടീസ് ഡിസംബർ 13-ാം തീയതി കൂടിയ കമ്മിറ്റിയിൽ വിതരണം ചെയ്ത് എല്ലാ ഭവനങ്ങളിലും എത്തിച്ചു.

അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ യൂലിയോസ്, ജസ്റ്റിസ് ബെഞ്ചമിൻ കോശി, വെരി റവ. ഡേവിഡ് കോശി റമ്പാൻ, ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ, വെരി റവ. മാത്യു തോമസ് കോർഎപ്പിസ്കോപ്പ, ശ്രീ. ബോധിനി പ്രഭാകരൻ നായർ, രക്ഷാധികാരിമാരായ റവ ഫാ. പി. കെ. കോശി, റവ ഫാ. തോമസ് ജോസഫ്, റവ ഫാ. സാമുവേൽ റ്റി. ജോർജ് എന്നിവർ വേദിയിൽ ഉപവിഷ്ഠരായിരുന്നു.

ശ്രീമതി ഷേർലി ചെറിയാന്റെ പ്രാർത്ഥനാഗാനത്തിനു ശേഷം ശ്രീമതി ഷൈനി കോശി വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം രണ്ടാം അദ്ധ്യായത്തിൽ നിന്നും വേദപുസ്തക വായന നടത്തി. തുടർന്ന് മൺമറഞ്ഞുപോയ പൂർവികരെ സ്മരിച്ചുകൊണ്ട് അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ യൂലിയോസ് തിരുമേനി പ്രാർത്ഥന നടത്തി.

തുടർന്ന് ശ്രീമതി വത്സലാ ജോസഫ് എല്ലാവരെയും ഹാർദ്ദവമായി സ്വാഗതം ചെയ്തുകൊണ്ട് പ്രസംഗിച്ചു.

കുടുംബയോഗം പ്രസിഡന്റ് ശ്രീ. ഈപ്പൻ ചെറിയാൻ തന്റെ പ്രസംഗത്തിൽ പ്രളയത്തിന്റെയും മഹാമാരിയുടെയും പശ്ചാത്തലത്തിൽ വളരെയധികം ബുദ്ധിമുട്ടുകൾ സഹിച്ചാണ് ഇന്ന് നമുക്ക് ചരിത്രപുസ്തകം പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നതെന്നും അതിനുവേണ്ടി സഹായിച്ച ലോകമെമ്പാടുമുള്ള കുടുബാംഗങ്ങളോടും പ്രത്യേകിച്ച് ജനറൽ കൺവീനർ റവ ഫാ. സാമുവേൽ റ്റി. ജോർജിനോടും ജോയിന്റ് കൺവീനർ ശ്രീ. ജോൺ ഈപ്പനോടും മറ്റ് ശാഖാ കൺവീനർമാരോടുമുള്ള നന്ദി അറിയിക്കുന്നതായി പ്രസ്താവിച്ചു.

ജസ്റ്റിസ് ബെഞ്ചമിൻ കോശി തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പ്രാർത്ഥനയുള്ള കുടുംബം ആയി തീരണമെന്നും പുതിയ വർഷത്തിൽ മറ്റുള്ളവരോട് സ്നേഹത്തോടെ വർത്തിക്കുവാൻ നമുക്ക് കഴിയണം എന്നും ഉദ്ബോധിപ്പിച്ചു കൊണ്ട് വിളക്ക് തെളിയിച്ച് യോഗം ഉദ്ഘാടനം ചെയ്തു.

തുടർന്ന് ചരിത്രപുസ്തക ജനറൽ കൺവീനർ റവ. ഫാ. സാമുവേൽ റ്റി. ജോർജ് പദ്ധതിയുടെ അവലോകനം നടത്തി സംസാരിച്ചു. 2018-ലെ പ്രളയത്തിൽ സർവവും നഷ്ടപ്പെട്ട് സഹോദരബന്ധങ്ങൾ എന്താണെന്ന് പറഞ്ഞുതരാൻ ആരുമില്ലാത്ത സാഹചര്യത്തിൽ ചരിത്രപുസ്തകത്തിന്റെ പുതിയ ഒരു പതിപ്പ് വേണമെന്നുള്ള ആവശ്യത്തിൽ നിന്നാണ് ഈ പദ്ധതി രൂപം കൊണ്ടത് എന്ന് അദ്ദേഹം പറഞ്ഞു. വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന കുടുബാംഗങ്ങളെ ബന്ധപ്പെട്ട് കമ്മിറ്റി അംഗങ്ങൾ ആണ് എല്ലാ കാര്യങ്ങളും ചെയ്തത് എന്നും 1991-ൽ പ്രസിദ്ധീകരിച്ച ചരിത്രപുസ്തകത്തിന് മാറ്റം വരാത്ത രീതിയിൽ ആറു ശാഖകളിൽ നിന്നും 2023 ഡിസംബർ 31 വരെയുള്ള വിവരങ്ങൾ ശേഖരിച്ചാണ് പുസ്തകം തയ്യാറാക്കിയത് എന്നും അറിയിച്ചു.

ചരിത്രപുസ്തക പ്രകാശനം എന്നത്, ഒരു തലമുറയിൽ ഒരിക്കൽ സംഭവിക്കുന്ന ചരിത്ര സംഭവം ആണെന്നും 15 വർഷമായി താനും ഈ കുടുംബത്തിലെ ഒരംഗത്തെപോലെയാണെന്നും അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത പറഞ്ഞു. നമുക്ക്, കൂടിയാൽ ആറു തലമുറ മുൻപ് വരെയുള്ളവരെക്കുറിച്ചു മാത്രമേ ഏകദേശ ധാരണ കാണുവാൻ സാധ്യതയുള്ളൂ എന്നും ആയതിനാൽ കൃത്യതയുള്ള ചരിത്രവും ചരിത്ര ബോധവും ഉണ്ടാകണമെന്നും ഓർമിപ്പിച്ചു കൊണ്ട് അദ്ദേഹം ചരിത്രപുസ്തകത്തിന്റെ ഒരു കോപ്പി മുഖ്യ രക്ഷാധികാരി വെരി റവ. മാത്യു തോമസ് കോറെപ്പിസ്കോപ്പായ്ക്ക് നൽകി പ്രകാശനം നിർവഹിച്ചു.

പുസ്തകം സ്വീകരിച്ചുകൊണ്ട് മുഖ്യ രക്ഷാധികാരി വെരി റവ. മാത്യു തോമസ് കോർഎപ്പിസ്കോപ്പ നടത്തിയ പ്രസംഗത്തിൽ ഇത് ഒരു സ്വപ്ന സാക്ഷാൽക്കാരം ആണെന്നും വളരെ ബൃഹത്തായ ഒരു പദ്ധതി ആയിരുന്നുവെന്നും എല്ലാവരുടെയും സഹകരണം ഉണ്ടായെന്നും പ്രസ്താവിച്ചു.

തുടർന്ന് വെരി റവ. ഡോ. ഡേവിഡ് കോശി റമ്പാൻ ക്രിസ്തുമസ് സന്ദേശം നൽകി. ക്രിസ്തുമസ്സിൽ സ്നേഹത്തിന്റെ സന്ദേശത്തിന് അപ്പുറമായി മറ്റൊന്നും ഇല്ലെന്നും ക്രിസ്തുവിനെ സ്നേഹിക്കുന്ന സാക്ഷി ആയിത്തീരുവാൻ സാധിക്കണമെന്നും ഉദ്ബോധിപ്പിച്ചു. ജ്ഞാനികൾ യേശുവിനെ കണ്ടതിനു ശേഷം മറുവഴിയായി മടങ്ങി പ്പോയതുപോലെ സത്യത്തെ അന്വേഷിച്ചു യാത്ര ചെയ്യുവാനും, കണ്ട സത്യത്തെ തിരിച്ചറിഞ്ഞു യഥാർത്ഥ പാതകളിലേക്ക് യാത്ര ചെയ്യുവാൻ സാധിക്കണം എന്നും അദ്ദേഹം ഓർമിപ്പിച്ചു.

കുടുംബത്തിൽ പങ്കുവെക്കലിന്റേതായ അനുഭവം ഉണ്ടാകണമെന്ന് ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ തന്റെ ആശംസാ പ്രസംഗത്തിൽ പറഞ്ഞു. കുടുംബത്തിൽ നിന്നും സമൂഹത്തിലേക്കും രാജ്യത്തിലേക്കും ലോകത്തിലേക്കും സ്നേഹം പകരണമെന്ന് ലോക സമസ്താ സുഖിനോ ഭവന്തു എന്ന ആപ്തവാക്യം ഉദ്ധരിച്ചു കൊണ്ട് ശ്രീ. ബോധിനി പ്രഭാകരൻ നായരും ആശംസകൾ അർപ്പിച്ചു

മുഖ്യാതിഥി ആയിരുന്ന അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തയെ മൊമെന്റോ നൽകി ആദരിച്ചു. ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ അച്ചനെ പൊന്നാട അണിയിച്ചു ആദരിച്ചു. സ്റ്റേജിൽ ഉണ്ടായിരുന്ന വിശിഷ്ട അതിഥികൾക്ക് ചരിത്ര പുസ്തകത്തിന്റെ ഓരോ കോപ്പി ഉപഹാരമായി നൽകി.

യോഗത്തിൽ കലാപരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. ശ്രീമതി നാൻസി കെ ചെറിയാൻ, ശ്രീമതി ബിന്ദുവും സംഘവും , ശ്രീമതി സുജയും സംഘവും, കുടുംബയോഗം ക്വയർ എന്നിവർ ആലപിച്ച ഗാനങ്ങൾ ശ്രവണ സുന്ദരമായിരുന്നു. സാന്താക്ലോസിന്റെ സന്ദർശനം വളരെ രസകരവും സന്തോഷപ്രദവും ആയിരുന്നു,

കുടുംബയോഗം സെക്രട്ടറി ശ്രീ. കോശി ഉമ്മൻ വേദിയിലും സദസ്സി ലും ഉപവിഷ്ഠരായിരുന്ന എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. അതോ ടൊപ്പം യോഗത്തിൽ സഹകരിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാവരോടും, പ്രത്യേകിച്ച് ചടങ്ങുകൾക്ക് വേണ്ട പണം കണ്ടെത്തു കയും ഭക്ഷണം ഒരുക്കുകയും ചെയ്ത ലേഡീസ് വിങ് , ചരിത്ര പുസ്

തകത്തിന്റെ അച്ചടി നിർവഹിച്ച ഗ്രാഫിക് സിസ്റ്റംസ് & കമ്പനി മല്ലപ്പള്ളി എന്നിവരോടുമുള്ള നന്ദി രേഖപ്പെടുത്തി.

റവ. ഫാ. തോമസ് ജോസഫ് അച്ചന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടി യോഗം കാപ്പി സൽക്കാരത്തിനായി പിരിഞ്ഞു.

**കമ്മിറ്റി മീറ്റിംഗ് നടത്തപ്പെട്ട ഭവനങ്ങൾ**

| | | |
|---|---|---|
| June 06, 2024 | - | Mr. Koshy Oommen, Kottappattu |
| July 16, 2024 | - | Mr. Eapen Cheriyan, Nallor Puthenveedu |
| August 16, 2024 | - | Mr. Ninan Varghese, Puthenpurackal Pallithekkethil |
| September 09, 2024 | - | Mrs. Valsala Joseph, Ezhikkakathu Bunglow |
| October 10, 2024 | - | Mrs. Sarala Stephen, Thazhathedathu Manimala |
| November 15, 2024 | - | Mr. Jacob G. Kochitty, Nallumalayil |
| December 13, 2024 | - | Mr. P.K.Geevarughese, Anikkattumalayil |
| January 28, 2025 | - | Mr. Prasad Mammen, Malayil |
| February 21, 2025 | - | Mr. Zachariah John, Thoppil Muthirakkalayil |
| March 18, 2025 | - | Mr. Stephen George, Parambil |
| April 10, 2025 | - | Mr. John Eapen, Karippacheril |

എന്നിവരുടെ ഭവനങ്ങളിൽ വെച്ച് കമ്മറ്റി മീറ്റിംഗുകൾ നടത്തുകയുണ്ടായി. ക്രമീകരണങ്ങൾ ചെയ്തുതന്ന ഭവനങ്ങളോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ലേഡീസ് വിംഗ്**

ലേഡീസ് വിംഗിന്റെ പൂർണ സഹകരണം കുടുംബയോഗ പ്രവർത്തനങ്ങളുടെ ഒരു അവിഭാജ്യ ഘടകം ആണ് . മാസംതോറും കൂടുന്ന മീറ്റിംഗുകൾ കുടുംബത്തിലെ സ്ത്രീജനങ്ങളുടെ ഒരു ഒത്തുകൂടലും വിശേഷങ്ങൾ പങ്കിടുന്ന വേദിയുമാകുന്നു. ലേഡീസ് വിങ്ങും അതോടൊപ്പം കുടുംബയോഗവും ജീവ കാരുണ്യ പ്രവർത്തനങ്ങൾക്ക് സഹായം നൽകി വരുന്നു . ഓണം, ക്രിസ്തുമസ്, വാർഷിക സമ്മേളനം എന്നീ പരിപാടികളിലെല്ലാം അവരുടെ നിറസാന്നിദ്ധ്യമുണ്ട്. ഈ അവസരങ്ങളിൽ അവർ നടത്തുന്ന കലാപരിപാടികൾ പ്രസ്തുത പരി

പാടിയെ ഊഷ്മളമാക്കുന്നു. അതിന്റെ ഭാരവാഹികൾക്കും അംഗങ്ങൾക്കും പ്രത്യേകമായ നന്ദിയും സ്നേഹവും അറിയിക്കുന്നു.

**യൂത്ത് വിംഗ്**

പുതുതലമുറയുടെ കുടുംബയോഗത്തിലുള്ള പങ്ക് വളരെ കുറവായി കാണുന്നു. സോഷ്യൽ മീഡിയ വഴി അവർ ബന്ധങ്ങളും സ്നേഹ ങ്ങളും പങ്കിടുന്നതായി മനസിലാക്കുന്നു. വാട്ട്സാപ്പ് ഗ്രൂപ്പ്, വെബ് സൈറ്റ് തുടങ്ങിയവ ഈ കൂടിവരവിന് സഹായകമായി തീരുന്നു.

**ഗ്ലോബൽ കുടുംബയോഗം**

ഗ്ലോബൽ കുടുംബയോഗത്തിന്റെ കമ്മിറ്റി മീറ്റിംഗിൽ നമ്മുടെ കുടുംബ യോഗത്തെ പ്രതിനിധീകരിച്ചു അംഗങ്ങൾ പങ്കെടുക്കുകയു ണ്ടായി. ആർച്ച്ബിഷപ്പ് ബെനഡിക്ട് മാർ ഗ്രീഗോറിയോസ് ഫൗണ്ടേ ഷന്റെ ആഭിമുഖ്യത്തിൽ കല്ലൂപ്പാറയിൽ വെച്ച് നടന്ന ആർച്ച്ബിഷപ്പ് പുരസ് കാര സമർപ്പണ ചടങ്ങിൽ നമ്മുടെ കുടുംബയോഗത്തെ പ്രതിനിധീകരിച്ചു ഭാരവാഹികൾ സംബന്ധിച്ചു;.

**ഭവന സന്ദർശനം**

പ്രായാധിക്യം കൊണ്ടും രോഗങ്ങൾ കൊണ്ടും ഭവനത്തിലും ആശുപത്രിയിലും കഴിയുന്ന കുടുംബാംഗങ്ങളെ ബഹുമാനപ്പെട്ട വൈദീകരും ഭാരവാഹികളും സന്ദർശിച്ചു പ്രാർത്ഥന നടത്തുവാനും സ്നേഹം പങ്കിടുവാനും കുടുംബയോഗം കമ്മറ്റിക്ക് സാധിക്കുന്നുണ്ട്. ശ്രീ. പി. സി. മാത്യൂസ്, ശ്രീ. നൈനാൻ വറുഗീസ്, ശ്രീ. പി. കെ. ഗീവറുഗീസ് എന്നിവർ ഉൾപ്പെട്ട ഒരു ഉപസമിതി ഈ പ്രവർത്തനങ്ങൾ ഏകോപി പ്പിക്കുന്നു. രോഗികളായ കുടുംബാംഗങ്ങളുടെ വിവരം ഭാരവാഹികളെ അറിയിക്കുകയോ വാട്ട്സാപ്പ് മുഖേന വിവരം ധരിപ്പിക്കുകയോ ചെയ്താൽ ഈ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുവാൻ സാധിക്കും.

**ജീവകാരുണ്യ പ്രവർത്തനം**

മുൻപതിവുപോലെ ഈ കൊല്ലവും ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തി. ട്രെയിനിൽ നിന്നും വീണ് ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന കുറിച്ചിമുട്ടം വള്ളികാലായിൽ സുരേഷിന്റെ സഹായ അഭ്യർത്ഥന പരിഗണിച്ചു ലേഡീസ് വിങ്ങിൽ നിന്നുമുള്ള 5000 രൂപ സഹായം ഉൾപ്പടെ 10,000 രൂപ പ്രസ്തുത വ്യക്തിക്ക് സഹായധനം ആയി നൽകുകയുണ്ടായി.

ക്യാൻസർ രോഗിയായ കിഴക്കെവെള്ളിക്കര പാറക്കൽ വീട്ടിൽ പി. സി. രവി നൽകിയ അപേക്ഷ പരിഗണിച്ചു 10,000 രൂപ ധനസഹായം നൽകി.

**വിനോദയാത്ര**

കുടുംബാംഗങ്ങളുടെ മാനസീക ഉല്ലാസത്തിനായി ഒരു വിനോദയാത്ര സംഘടിപ്പിക്കുകയുണ്ടായി. 2025 ഫെബ്രുവരി മാസം 25 -ാം തീയതി കൊല്ലം അഷ്ടമുടി കായലിൽ ബോട്ട് യാത്രയായി നടത്തിയ പരിപാടി യിൽ 20 പേർ പങ്കെടുത്തു.

**കുടുംബചരിത്ര പുനഃപ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനങ്ങൾ**

2024 ഡിസംബർ 27-ാം തീയതി പ്രകാശനം ചെയ്ത കുടുംബ ചരിത്ര പുസ്തകം മുൻകൂട്ടി ഈ പദ്ധതിയിലേക്ക് സംഭാവന നൽകിയവർക്ക് 1000 രൂപക്ക് ഒരു കോപ്പി എന്ന കണക്കിന് ശാഖാ കൺവീനർമാർ മുഖേന വിതരണം ചെയ്തു കഴിഞ്ഞു. മുൻകൂർ പണം കൊടുത്തിട്ടില്ലാത്ത ആർക്കെങ്കിലും പുസ്തകം വേണമെങ്കിൽ ഒരു കോപ്പിക്ക് 1000 രൂപ സംഭാവനയായി കൊടുത്തു കുടുംബയോഗം ട്രഷറാറുടെ പക്കൽ നിന്നും പുസ്തകം കൈപ്പറ്റാവുന്നതാണ്.

പുതിയ തലമുറയിലെ അംഗങ്ങൾക്കായി പുസ്തകത്തിന്റെ ഒരു ഇംഗ്ലീഷ് പരിഭാഷ പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്ക് ഒരു സബ് കമ്മറ്റിയെ നിയമിച്ച് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**ഉപസംഹാരം**

കഴിഞ്ഞ ഒരു വർഷം സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവെച്ച ഭരണ സമിതിക്കും സഹകരിച്ച എല്ലാ കുടുംബാംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. ആയുസ്സും ആരോഗ്യവും തന്ന് ഇത്രത്തോളം വഴി നടത്തിയ ദൈവത്തിന് സ്തോത്രം അർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

പുത്തൻകാവ് — **കോശി ഉമ്മൻ കോട്ടപ്പാട്ട്**

02-04-2025 — (സെക്രട്ടറി)

# അറിയിപ്പുകൾ

1. കുടുംബാംഗങ്ങൾ നിര്യാതരാകുമ്പോൾ പേരുവിവരം അതാത് ശാഖാ ചുമതലക്കാർ ഭാരവാഹികളെ അറിയിക്കേണ്ടതാണ്.
2. 2025 മെയ് 1-ാം തീയതിക്കകം 75 വയസ്സു പൂർത്തിയാകുന്ന നമ്മുടെ കുടുംബാംഗങ്ങളുടെ പേരുവിവരങ്ങൾ അറിയിക്കേണ്ടതാണ്. അവരെ വാർഷിക സമ്മേളനത്തിൽ അനുമോദിച്ച് പൊന്നാട അണിയിക്കുന്നതാണ്. കമ്മിറ്റി മെമ്പർമാർ ഇക്കാര്യം ശ്രദ്ധിക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.
3. 2023-24 വിദ്യാഭ്യാസ വർഷത്തിൽ ഉന്നതനിലവാരത്തിൽ മാർക്കു നേടി എസ്. എസ്. എൽ. സി, ഐ. സി. എസ്. ഇ, സി. ബി. എസ്. ഇ, +2, വി. എച്ച്. എസ്. സി, ബി. എ, ബി. എസ്. സി, പരീക്ഷകളിൽ ഉന്നതവിജയം ലഭിച്ച നമ്മുടെ കുട്ടികൾക്ക് പ്രോത്സാഹനത്തി നായി, സ്കോളർഷിപ്പ് വാർഷിക സമ്മേളനത്തിൽ വെച്ചു നൽകു ന്നതാണ്. **സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റ് 25-4-2025** നു മുമ്പായി സെക്രട്ടറിക്ക് ലഭിച്ചിരിക്കേണ്ടതാണ്.
4. വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം അർഹിക്കുന്ന നമ്മുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായ ഫണ്ടിൽ നിന്നും ലഭിക്കുന്ന തുക നൽകുന്നതാണ്. രക്ഷാകർത്താവ് യഥാസമയം അപേക്ഷ നൽകി യിരിക്കണം. (25.04.2025 മുമ്പ്)
5. ചികിത്സാ ആവശ്യങ്ങൾക്ക് ധനസഹായം ആവശ്യമുള്ള കുടും ബാംഗങ്ങൾക്ക് അവരുടെയോ ബന്ധപ്പെട്ടവരുടെയോ അപേക്ഷ യിന്മേൽ അർഹതയനുസരിച്ച് ധനസഹായം നൽകുന്നതാണ്.
6. കുടുംബയോഗ പ്രസിദ്ധീകരണങ്ങൾ പോസ്റ്റ് വഴി ലഭിക്കുന്നതിന് വിദൂര സ്ഥലങ്ങളിൽ താമസിക്കുന്ന കുടുംബാംഗങ്ങൾ പൂർണ്ണമായ അഡ്രസ്സ് ഭാരവാഹികൾക്ക് എഴുതി നൽകുക.
7. സൊസൈറ്റി ആക്ട് പ്രകാരം കാളിയാങ്കൽ വലിയ വീട്ടിൽ കുടുംബ യോഗം ആലപ്പുഴ രജിസ്ട്രേഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടു ള്ളതും ആയത് യഥാസമയം പുതുക്കിയിട്ടുള്ളതുമാണ്.

### സ്കോളർഷിപ്പുകൾ

തൊട്ടുമുമ്പ് അദ്ധ്യയന വർഷത്തിൽ എസ്. എസ്. എൽ. സി.ക്ക് (ഏറ്റവും കൂടുതൽ മാർക്ക്) ഉന്നതവിജയം നേടിയ കുട്ടിക്ക് കരിപ്പാച്ചേരിൽ ശ്രീ. ഈപ്പൻ നൈനാൻ മെമ്മോറിയൽ സ്കോളർഷിപ്പ് നൽകുന്നതാണ്.

### മറ്റുധനസഹായ പദ്ധതികൾ

1. ആറാട്ടുപുഴ താഴത്തേടത്തു പരേതരായ ഡോ. റ്റി. ഐ. ഈപ്പൻ സൂസന്നാമ്മ ഈപ്പൻ എന്നിവരുടെ മക്കൾ ശ്രീ. ഈപ്പനും,

ശ്രീ. മത്തായി ഈപ്പനും ചേർന്ന് നൽകിയിട്ടുള്ള എൻഡോവ്മെന്റ് തുകയായ 2000/- രൂപയുടെ സ്ഥിരനിക്ഷേപ പലിശ നമ്മുടെ കുടുംബത്തിൽപ്പെട്ട സമർത്ഥരായ കുട്ടികൾക്ക് അർഹതാനുസരണം വിദ്യാഭ്യാസത്തിന് വേണ്ടി നൽകുന്നതാണ്.

2. കുടുംബയോഗ മുൻ പ്രസിഡന്റ് കോന്നി മാമ്മൂട്ടിൽ എസ്റ്റേറ്റിൽ ശ്രീ. കെ. ജി. ജോണിന്റെ സ്മരണയ്ക്കായി മക്കൾ ശ്രീ. വർക്കി ജോണും, ശ്രീ. കെ. ജെ. ജോർജ്ജും ചേർന്ന് എൻഡോവ്മെന്റായി ഫിക്സഡ് ഡിപ്പോസിറ്റിൽ നിക്ഷേപിച്ചിരിക്കുന്ന 10000/- രൂപയിൽ നിന്ന് കിട്ടുന്ന പലിശ നമ്മുടെ കുടുംബാംഗങ്ങൾക്ക് വിദ്യാഭ്യാസത്തിനോ ചികിത്സയ്ക്കോ അർഹതാനുസരണം നൽകുന്നതാണ്.
3. പുത്തൻകാവ് പുത്തൻപുരയ്ക്കൽ (ഹൗസ് നമ്പർ 1) ദിവംഗതനായ ശ്രീ. മാമ്മൻ ഉമ്മന്റെ (മോനി) സ്മരണയ്ക്കായി മാതാവ് ശ്രീമതി മേരി മാമ്മൻ നൽകിയിട്ടുള്ള എൻഡോവ്മെന്റ് 10000/- രൂപയുടെ (ഫിക്സഡ് ഡിപ്പോസിറ്റ്) പലിശ കുടുംബയോഗത്തിൽപെട്ട രോഗികൾക്ക് ചികിത്സാർത്ഥം നൽകുന്നതാണ്.
4. ആറാട്ടുപുഴ നല്ലൂർ പുത്തൻപീടികയിൽ ശ്രീ. ചെറിയാൻ അലക്സ് (രാജൻ) എൻഡോവ്മെന്റായി 50000/- രൂപാ (അൻപതിനായിരം രൂപ) നൽകിയിട്ടുള്ളതിൽനിന്ന് 25000/- രൂപാ അദ്ദേഹത്തിന്റെ പിതാവ് ശ്രീ. എൻ. ഐ. ചെറിയാൻ അവർകളുടെ സ്മരണയ്ക്കായി ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിച്ചു. അതിന്റെ പലിശ അർഹരായ രോഗികൾക്ക് ചികിത്സയ്ക്കുവേണ്ടി നൽകുന്നതാണ്. ബാക്കി 25000/- രൂപാ അദ്ദേഹത്തിന്റെ മകൻ മാസ്റ്റർ ചെറിയാൻ അലക്സ് (ജൂനിയർ) കൊച്ച് അവറുകളുടെ സ്മരണയ്ക്കായി ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിച്ചു. ആയതിന്റെ പലിശ സമർത്ഥരായ അർഹർക്ക് വിദ്യാഭ്യാസ ചെലവിനുവേണ്ടി കൊടുക്കുന്നതാണ്.
5. കോന്നി, ഊട്ടുപാറ, മാമ്മൂട്ടിൽ എസ്റ്റേറ്റിൽ ശ്രീ. കെ. ജോർജ്ജ് ജോസഫിന്റെയും ശ്രീമതി അമ്മണി ജോസഫിന്റെയും സ്മരണയ്ക്കായി പുത്രി ഡോ. ഉഷാ ജോർജ്ജ് 20000/- (ഇരുപതിനായിരം) രൂപ എൻഡോവ്മെന്റായി തന്നിട്ടുണ്ട്. ഇതിൽ നിന്നും കിട്ടുന്ന പലിശ ഏതു വിഭാഗത്തിലുമുള്ള പിഎച്ച്ഡി ബിരുദം നേടുന്ന ഒരു വ്യക്തിക്ക് പാരിതോഷികമായി നൽകുന്നതാണ്.
6. പെണ്ണൂക്കര മലയിൽ ശ്രീ. എം. ഇ. ജോർജ്ജ് അവറുകളുടെ സ്മരണയ്ക്കായി മകൾ ശ്രീമതി ജെസ്സി ജോർജ്ജ് കുര്യൻ കുടുംബാംഗങ്ങളായ അർഹതപ്പെട്ടവർക്ക് വിദ്യാഭ്യാസത്തിനോ ചികിത്സയ്ക്കോ സഹായമായി പലിശത്തുക എടുത്ത് സംഭാവന നൽകുന്നതിന് ഇരുപത്തയ്യായിരം (25000) രൂപ എൻഡോവ്മെന്റായി

തരികയും അത് ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

7. നമ്മുടെ കുടുംബയോഗത്തിലെ അർഹതയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി വെരി. റവ. ഡോ. പി. എസ്. ശമുവേൽ കോർ എപ്പിസ്കോപ്പാ (അമേരിക്ക) അദ്ദേഹത്തിന്റെ സഹധർമ്മിണി ശ്രീമതി അമ്മിണി ടീച്ചറിന്റെ ഓർമ്മയ്ക്ക് 5000/- (അയ്യായിരം) രൂപ എൻഡോവ്മെന്റായി തന്നിട്ടുണ്ട്.

8. താഴത്തേടത്ത് ശ്രീ. ടി. എൻ. ജോർജ്ജ് മെമ്മോറിയൽ എൻഡോവ് മെന്റായി അദ്ദേഹത്തിന്റെ മകൻ ഡോ. ജോർജ്ജ് ഈപ്പൻ തന്ന 5000/- രൂപയുടെ സ്ഥിരനിക്ഷേപത്തിന്റെ പലിശ നമ്മുടെ കുടുംബ യോഗത്തിലെ വിദ്യാർത്ഥികളുടെ പഠന ആവശ്യത്തിലേക്ക് അർഹത അനുസരിച്ച് നൽകുന്നതാണ്.

9. ആറാട്ടുപുഴ താഴത്തേടത്ത് ചെറുതാല ശ്രീ. റ്റി എം. ഏബ്രഹാം തന്റെ മാതാപിതാക്കൾ ശ്രീ. എം. കെ. മാത്യു & ശ്രീമതി തങ്കമ്മ മാത്യു എന്നിവരുടെ സ്മരണാർത്ഥം നൽകിയ എൻഡോവ്മെന്റ് തുകയായ 25000/- രൂപയുടെ സ്ഥിര നിക്ഷേപ പലിശ നമ്മുടെ കുടുംബത്തിൽനിന്നും എഞ്ചിനിയറിംഗ് ഉന്നത നിലയിൽ പാസ്സാ കുന്ന വിദ്യാർത്ഥിക്ക് നൽകുന്നതാണ്.

10. ആറാട്ടുപുഴ താഴത്തേടത്ത് ബഹുമാനപ്പെട്ട ഫാ. സാമുവേൽ റ്റി. ജോർജ്ജ് (രക്ഷാധികാരി) നൽകിയ ഒരുലക്ഷം രൂപ അദ്ദേഹ ത്തിന്റെ മാതാവ് ശ്രീമതി അമ്മിണി ജോർജ്ജിന്റെ സ്മരണയ് ക്കായി ഫിക്സഡ് ഡിപ്പോസിറ്റ് നിക്ഷേപിച്ചതിൽ നിന്ന് കിട്ടുന്ന പലിശ തുക ക്യാൻസർ രോഗികൾക്ക് ചികിത്സയ്ക്കായി നൽകുന്നു.

11. കോഴഞ്ചേരി പൈനുംമൂട്ടിൽ ഗ്ലോറി ഭവനിൽ ശ്രീ. ഏബ്രഹാം വർഗീസിന്റെ സ്മരണയ്ക്കായി സഹധർമ്മിണി ശ്രീമതി മറിയാമ്മ എബ്രഹാം എൻഡോവ്മെന്റായി 25000/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ പലിശ തുക വിദ്യാഭ്യാസം, ചികിത്സ ആവശ്യങ്ങൾ ക്കായി വിനിയോഗിക്കാവുന്നതാണ്.

12. എഴിക്കകത്ത് ശാഖയുടെ വകയായി 50000/- രൂപ എൻഡോവ് മെന്റായി നൽകിയിട്ടുണ്ട്. ആയതിന്റെ പലിശ ഡയാലിസിസ് ചികിത്സ സഹായമായി ഉപയോഗിക്കാവുന്നതാണ്.

**കോശി കെ. ഉമ്മൻ**
(സെക്രട്ടറി)



# കുടുംബം ഒരു ഗാർഹിക സഭ

സമൂഹത്തിന്റെ ഏറ്റവും ചെറിയ യൂണിറ്റ് എന്നുപറയുന്നത് ഒരു കുടുംബം ആണ്. മാതാവും പിതാവും മക്കളും അടങ്ങുന്നതാണു ഒരു കുടുംബം. ഭാര്യയും ഭർത്താവും മാത്രമാണെങ്കിലും അത് ഒരു കുടുംബം ആണ്. ഈ കാലഘട്ടത്തിലെ കുടുംബങ്ങളെ '' അണുകുടുംബങ്ങൾ'' എന്നാണു പറയുന്നതും. കുടുംബങ്ങളിൽ ഉൾപ്പെടുന്ന ആളുകൾ വളരെ കുറവായതു കൊണ്ടാണു അങ്ങനെ വിശേഷിപ്പിക്കുന്നത്. പണ്ടു നമ്മുടെ സമൂഹത്തിൽ കൂട്ടുകുടുംബങ്ങളായിരുന്നു. അവിടെ മാതാവും പിതാവും മക്കളും കൊച്ചുമക്കളും വല്യമ്മച്ചിമാരും വല്യപ്പച്ചന്മാരും ഒക്കെയായിട്ടുള്ള ഒരുവലിയ അംഗസംഖ്യ ഉള്ള ഭവനങ്ങളായിരുന്നു. കൂട്ടുകുടുംബത്തിൽ കാരണവരായിരുന്നു പ്രധാനവ്യക്തി. കാരണവരുടെ നിയന്ത്രണത്തിലായിരുന്നു വീട്ടിലെ കാര്യങ്ങൾ നടത്തപ്പെട്ടിരുന്നത്. നല്ല സമൂഹം രൂപപ്പെടുന്നതു നല്ല കുടുംബങ്ങൾ മൂലമാണ്. സഹോദര ഭവനങ്ങളുടെ ഒരു കൂട്ടായ്മയാണ് കുടുംബ യോഗം എന്നു പറയുന്നത്. Blood is thicker than water എന്ന ചൊല്ലു തന്നെയുണ്ട്. രക്തബന്ധമാണ് ഏറ്റവും ശക്തിയായ ബന്ധം. കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗത്തിന്റെ പ്രസക്തി ഇവിടെയാണ്. സഹോദരീ സഹോദരന്മാരായ നാം കൂടിവരുമ്പോൾ ദൈവത്തിന്റെ സ്നേഹവും അവിടെയുണ്ടാകും. ഒരു ക്രിസ്തീയ ഭവനം യേശുക്രിസ്തുവിന്റെ സ്നേഹത്തിലും ആ കൃപയുടെ തണലിലും അധിഷ്ഠിതമാണ്.

ഈ കാലഘട്ടത്തിൽ ഭവനങ്ങളെ വിശേഷിപ്പിക്കുന്നത് ''ഗാർഹിക സഭ' (A Domestic Church) എന്നാണ്. യേശുക്രിസ്തു ലോകത്തിൽ നിവർ ത്തിച്ച രക്ഷണ്യ പ്രവർത്തനം തുടർന്നു നടത്തുന്നതിനു നിയോഗി ക്കപ്പെട്ടതാണു പരിശുദ്ധ സഭ. അതേപോലെ ദൈവ കൃപയിൽ ജീവിച്ചു ദൈവത്തെ മഹത്വപ്പെടുത്തുന്നവരായി വർത്തിക്കണം. സഭയിൽ പുരോഹിതന്മാർ ആദ്ധ്യാത്മിക പ്രവർത്തനങ്ങൾക്കു നേതൃത്വം

കൊടുക്കുന്നതുപോലെ ഭവനത്തിലെ ഗൃഹനാഥൻ മുന്നിട്ടുനിൽക്കണം. അവർ ലോകത്തിന്റെ ഉപ്പായി പ്രവർത്തിക്കണം.

ദൈവത്തിന്റെ ആദ്യത്തെ ഇൻസ്റ്റിറ്റ്യൂഷൻ (സ്ഥാപനം) എന്നു പറയുന്നതു ഒരു കുടുംബമാണ്. തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. അവൻ ഏകനായിരിക്കുന്നതു നന്നല്ല എന്നു കണ്ട ദൈവം തക്ക തുണയായിരിക്കത്തക്കവണ്ണം ഹൗവ്വ എന്ന സ്ത്രീയെ സൃഷ്ടിച്ചു. (ഉല്പ. 1:18)

ഏദൻ തോട്ടത്തിൽ എല്ലാ സൗഭാഗ്യങ്ങളും നൽകി അവരെ പാർപ്പിച്ചു. ആദിമാതാപിതാക്കന്മാർ പരസ്പരം അന്വേഷിച്ചു കണ്ടുപിടിച്ച ജീവിതപങ്കാളികൾ എന്ന നിലയിൽ അല്ല അവരെ ജീവിതപങ്കാളികളായി യഹോവയായ ദൈവം നിയമിക്കുകയായിരുന്നു. നമ്മുടെ വിവാഹ ജീവിതത്തിലും ജീവിതപങ്കാളിയെ സംബന്ധിച്ചു ഇങ്ങനെയൊരു കാഴ്ച്ചപ്പാട് ഉണ്ടാകേണ്ടതു ആവശ്യമാണ്. ദൈവത്തിന്റെ ദാനമായി അഥവാ തെരഞ്ഞെടുപ്പായി ജീവിത പങ്കാളിയെ അംഗീകരിക്കാനും സ്നേഹിക്കാനും കഴിയണം. അങ്ങനെ അംഗീകരിക്കുകയും സ്നേഹിക്കുകയും ചെയ്യുമ്പോൾ ജീവിതപങ്കാളിയുടെ എല്ലാ നന്മകളോടുമൊപ്പം എന്തെങ്കിലും കുറവു ഉണ്ടെങ്കിൽ അതും ദൈവദാനമായി അംഗീകരിക്കുവാൻ കഴിയും. അങ്ങനെയുണ്ടാകുന്ന സ്നേഹം ദൈവീക സ്നേഹമായും ഭാര്യാഭർത്താക്കന്മാർ ദൈവീക സ്നേഹത്താൽ നിറയുമ്പോൾ അതു സാക്ഷ്യമുള്ള ക്രിസ്തീയ ജീവിതത്തിനു പര്യാപ്തമായിത്തീരകയും ചെയ്യും.

ദൈവത്തിന്റെ ദാസനായ മോശയുടെ മരണത്തിനുശേഷം ആ സ്ഥാനത്തേക്കു നിയോഗിക്കപ്പെട്ടതു യോശുവ ആയിരുന്നു. യോശുവ യിസ്രായേൽ ഗോത്രങ്ങളെയെല്ലാം ശെഖേമിൽ കൂട്ടി. യിസ്രായേലിന്റെ മൂപ്പന്മാരേയും തലവന്മാരെയും ന്യായാധിപന്മാരെയും പ്രമാണികളേയും വിളിച്ചു. അവരെ മിസ്രേമിലെ അടിമത്വത്തിൽ നിന്നു വിടുവിച്ചുകൊണ്ടുവരുവാൻ ദൈവീക പ്രവർത്തനങ്ങളെക്കുറിച്ചു ബോദ്ധ്യപ്പെടുത്തിയശേഷം അവരോടുപറഞ്ഞു ''നിങ്ങൾ ആരേ സേവിക്കും എന്നു ഇന്നു തെരഞ്ഞെടുത്തുകൊൾവീൻ, ഞാനും എന്റെ കുടുംബവും ഞങ്ങൾ യഹോവയെ സേവിക്കും (യോശുവ 24:15) തന്റെ ജീവിതവിജയം യഹോവയുടെ അനുഗ്രഹത്താലാണ് എന്നു യോശുവായ്ക്കു ഉത്തമബോധ്യം ഉണ്ടായിരുന്നു. ലോക ജീവിതം പ്രയാസ

ങ്ങളും പ്രതിസന്ധികളും നിറഞ്ഞതാണു. അതിനെയൊക്കെയും തരണം ചെയ്യാനുള്ള കൃപ ദൈവം ആണ് നൽകുന്നത്. ഏതു കൊടുങ്കാറ്റ് അടിച്ചാലും നമ്മുടെ പടകിൽ കർത്താവ് ഉള്ളതുകൊണ്ട് യാതൊരു ഭയത്തിനും കാരണം ഇല്ല. ഒരു ക്രിസ്തീയ ഭവനം സാക്ഷ്യമുള്ള ഭവനമായിത്തീരും.

പരിശുദ്ധ പത്രോസിന്റെ ലേഖനത്തിൽ ദമ്പതികളെക്കുറിച്ചു ഇപ്രകാരം പറയുന്നു (1 പത്രോസ് 3:7) അവർ ജീവന്റെ കൃപയ്ക്ക് കൂട്ടവകാശികൾ'' ദൈവീക അനുഗ്രഹങ്ങൾക്ക് തുല്യപങ്കാളികൾ ആയിത്തീരത്തക്കവണ്ണമുള്ള ശ്രേഷ്ഠ അവസ്ഥയിലാണു ഭാര്യാഭർത്താക്കന്മാർ. പൗലോസ് അപ്പോസ്തലൻ പറഞ്ഞിരിക്കുന്നതു (1 കൊരിന്ത്യർ 7:14) അവിശ്വാസിയായ ഭർത്താവു ഭാര്യമുഖാന്തിരം വിശുദ്ധീകരിക്കപ്പെടും അവിശ്വാസിയായ ഭാര്യ സഹോദരൻ മുഖാന്തിരം വിശുദ്ധീകരിക്കപ്പെട്ടുമിരിക്കുന്നു. ഇത്രമാത്രം ആത്മീകത ഒരു ഭവനാന്തരീക്ഷത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

വിശുദ്ധ മത്തായിയുടെ സുവിശേഷം18:20ൽ നാം ഇപ്രകാരം വായിക്കുന്നു. ''രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്'' ഈ വചനം ഏറ്റവും അന്വർത്ഥമായിരിക്കുന്നതു ഒരു കുടുംബത്തിന്റെ അന്തരീക്ഷത്തിൽ ആണ്. രണ്ടോ മൂന്നോ പേർ കർത്താവിന്റെ നാമത്തിൽ കൂടിവരുവാനുള്ള സാദ്ധ്യത ഒരു ഭവനാന്തരീക്ഷത്തിലാണ്. അവിടെ ഭാര്യയും ഭർത്താവും മാത്രമാണെങ്കിൽ രണ്ടുപേർ. മക്കൾകൂടിയുണ്ടെങ്കിൽ മൂന്നോ അതിൽ കൂടുതലോ അംഗങ്ങൾ കാണും. അവർ പ്രാർത്ഥനയ്ക്കായി ഒരുമിച്ചിരിക്കുമ്പോൾ അവരുടെ ഇടയിൽ കർത്താവു സന്നിഹിതനാകുമെന്നുള്ള വലിയ വാഗ്ദാനം ആണ് യേശു നമുക്ക് നൽകുന്നത്. കുടുംബാംഗങ്ങൾ പ്രാർത്ഥിക്കുന്ന സമയത്തു ദൈവ സാന്നിദ്ധ്യം കൊണ്ടു ഒരു ഭവനം നിറയുകയാണ്. അങ്ങനെ ആ ഭവനം സാക്ഷ്യമുള്ള ഭവനമായിത്തീരുന്നു.

സഹോദരങ്ങൾ പരസ്പരം സ്നേഹമുള്ളവരായിരിക്കണം. സഹോദരന്മാരായ കയീനേയും ഹാബേലിനെയും കുറിച്ചു ഉല്പത്തി പുസ്തകത്തിൽ നാം വായിക്കുന്നു. രണ്ടുപേരും ദൈവവഴിപാട് യാഗം കഴിച്ചു. പക്ഷെ ഹാബേലിന്റെ യാഗത്തിൽ ദൈവം പ്രീതിപ്പെട്ടു. അതിനാൽ കയീന് ഹാബേലിനോട് കോപം ഉണ്ടായി അവനെ

കൊന്നു. കയീനോട് യഹോവ ചോദിക്കുന്നു (ഉല്പത്തി 4:9) ''യഹോവ കയീനോട് നിന്റെ അനുജനായ ഹാബേൽ എവിടെ എന്നു ചോദിച്ച തിനു ഞാൻ അറിയുന്നില്ല, ഞാൻ എന്റെ അനുജന്റെ കാവൽക്കാരനോ എന്നു അവൻ പറഞ്ഞു'' നമ്മുടെ സഹോദരങ്ങളുടെ കാവൽക്കാരാ യിത്തീരണമെന്നു ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നു.

സാധാരണ രക്തബന്ധത്തിൽ പെട്ട കുടുംബബന്ധത്തെക്കാൾ ഉപരിയായി ഒരു ക്രിസ്തീയ ബന്ധത്തിലേക്ക് കർത്താവു നമ്മെ ക്ഷണിക്കുന്നു. (മത്തായി 12:48) നിന്റെ അമ്മയും സഹോദരങ്ങളും നിന്നോടു സംസാരിക്കാൻ ആഗ്രഹിച്ചു പുറത്തുനിൽക്കുന്നു എന്നു പറഞ്ഞതിനു അവൻ, എന്റെ അമ്മ ആർ എന്റെ സഹോദരന്മാർ ആർ എന്നു ചോദിച്ചു. ശിഷ്യന്മാരുടെ നേരെ കൈനീട്ടി, ''ഇതാ എന്റെ അമ്മയും സഹോദരന്മാരും, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു എന്നു പറഞ്ഞു.'' ദൈവയിഷ്ടം ചെയ്യുന്ന ഏവരേയും തമ്മിൽ രക്ത ബന്ധത്തിനു അതീതമായ ഒരു ആത്മീയ ബന്ധത്തിലേക്കു കർത്താവു ക്ഷണിക്കുന്നു.

നമ്മുടെ ഭവനങ്ങൾ ഗാർഹിക സഭകൾ ആയിട്ടു ദൈവത്തിന്റെ സ്നേഹത്തെ സമൂഹത്തിനു പകർന്നു കൊടുക്കുന്നതാക്കിത്തീർക്കട്ടെ. ആ ദിവ്യസ്നേഹത്തിൽ കുടുംബയോഗങ്ങൾ നിലനില്ക്കുവാൻ ഇടയാകട്ടെ.

**വെരി റവ. മാത്യു തോമസ് കോർ എപ്പിസ്കോപ്പാ**

(മുഖ്യ രക്ഷാധികാരി)



*ദൈവനാമത്തിന് മഹത്വം ഉണ്ടായിരിക്കട്ടെ!*

**'ഒരുമയാണ് പെരുമ'**

# കാളിയാങ്കൽ വലിയ വീട്ടിൽ കുടുംബയോഗത്തിന്റെ വനിതാ വിഭാഗത്തിന്റെ 2024 – 2025 കാലയളവിലെ പ്രവർത്തന റിപ്പോർട്ട്

ഒത്തൊരുമ കൊണ്ടു മനോഹരവും സംസ്കാര സമ്പന്നവുമായ ഒരു കുടുംബ യോഗത്തിന്റെ നെടുംതൂണുകൾക്ക് താങ്ങായി നില കൊള്ളുന്ന നമ്മുടെ ലേഡീസ് വിംഗ്, കാളിയാങ്കൽവലിയവീട്ടിൽ കുടുംബയോഗത്തെ തണ്ടിന്മേൽ വിളങ്ങുന്ന ഒരു വിളക്ക് പോലെ, മലമേൽ ശോഭിക്കുന്ന ഒരു പട്ടണം പോലെ പരിലസിക്കുവാൻ സഹായിക്കുന്ന കുടുംബയോഗത്തിലെ സ്ത്രീകളുടെ ഒത്തൊരുമ ശ്ലാഘനീയമാണ്.

**ലേഡീസ് വിംഗ്, 2024–25 വർഷത്തെ ഭാരവാഹികൾ**

പ്രസിഡന്റ്: ശ്രീമതി ഷൈനി കോശി കോട്ടപ്പാട്ട്.  
വൈസ് പ്രസിഡന്റ് : ശ്രീമതി ബിന്ദു ജോർജ്.  
സെക്രട്ടറി: ശ്രീമതി ഗ്രേസ് ജേക്കബ്.  
ട്രഷറാർ: ശ്രീമതി റൂണി സാറാ ജോൺ.

മുൻകാലങ്ങളിലെപ്പോലെ തന്നെ ഏകോദര സാഹോദര്യവും സഹനവും, ഒത്തൊരുമയും കൈമുതലാക്കി തങ്ങളുടെ ഭവനങ്ങളിൽ എന്നതുപോലെ തന്നെ, കുടുംബയോഗത്തിലും വിളങ്ങുന്നവരാണ് നമ്മുടെ ഓരോ സ്ത്രീരത്നങ്ങളും.

ലേഡീസ് വിംഗിന്റെ എല്ലാ ദിവസവും ആരംഭിക്കുന്നത് ദിവസത്തിന്റെ ആദ്യമണിക്കൂറിൽ തന്നെ ശ്രീമതി കൊച്ചുമോൾ മാമ്മൂട്ടിൽ, ഗ്രൂപ്പ് വാട്സാപ്പിൽ പോസ്റ്റ് ചെയ്യുന്ന അനുഗ്രഹിക്കപ്പെട്ട വചന ശ്രവണത്തിലൂടെ ആണ്. ഓരോ മാസവും മുടക്കം വരാതെ അംഗങ്ങളിൽ ഒരാളുടെ ഭവനത്തിൽ വച്ചു മുൻ നിർണയിക്കുന്ന പ്രകാരം കൂടി

വരികയും, പ്രാർത്ഥന, ഗാനാലാപനം, ബൈബിൾ പാരായണം, പ്രസിഡന്റിന്റെ ഉപക്രമം, സെക്രട്ടറിയുടെ റിപ്പോർട്ട് വായന, വചന ശുശ്രൂഷ, ബൈബിൾ ക്വിസ്,പാചക വാചക മേളകൾ, രസകരമായ ചിരിയരങ്ങ്, കുടുംബയോഗവുമായി ബന്ധപ്പെട്ട ഇതര വിഷയങ്ങളുടെ ചർച്ച, ട്രഷററിന്റെ സാമ്പത്തിക റിപ്പോർട്ട് വായന, സമാപന പ്രാർത്ഥന ഇവയ്ക്ക് ശേഷം സ്വാദിഷ്ടമായ ചായസൽക്കാരത്തോടെ ഓരോ മീറ്റിങ്ങും പര്യവസാനിക്കും..

എല്ലാവർഷവും മീറ്റിംഗുകളിൽ ഒരു ദിവസം സ്പോർട്സ് ഡേ ആയി ആഘോഷിക്കയും, തങ്ങളെല്ലാവരും ആരോഗ്യമുള്ള മനസ്സുള്ള വരാണെന്നു വിശ്വസിച്ചുറപ്പിച്ച്, ആകർഷകങ്ങളായ വിവിധയിനം കായിക മത്സരങ്ങളിൽ പങ്കെടുക്കുകയും, വിജയികൾക്ക് സമ്മാന ങ്ങൾ വാർഷിക ദിനത്തിൽ വിതരണം ചെയ്യുകയും ചെയ്തുവരുന്നു.

സാധാരണമായി ക്രിസ്തുമസ് ആഘോഷങ്ങൾക്കും സൽക്കാര ങ്ങൾക്കുമായി ജനറൽ കമ്മറ്റി നൽകിവരാറുള്ള ഒരു വിഹിത തുക ഈ വർഷം കൈപ്പറ്റാതെ, മുൻ പ്രസിഡന്റും ഇപ്പോളത്തെ കുടുംബ യോഗ കമ്മറ്റിയുടെ വൈസ് പ്രസിഡന്റും ആയ ശ്രീമതി വത്സല ജോസഫിന്റെ നേതൃത്വത്തിൽ ലേഡീസ് വിംഗ് അംഗങ്ങളിൽ നിന്നും മറ്റു കുടുംബാംഗങ്ങളിൽ നിന്നുമായി ലഭിച്ച സംഭാവനകളിൽ നിന്നു സ്വാദിഷ്ടമായ സൽക്കാരങ്ങൾ നടത്തുവാൻ ഇടയായി.. ലേഡീസ് വിംഗിനെ ഏറെ ദുഃഖിപ്പിച്ചത് ശ്രീമതി വത്സല ജോസഫിന്റെ മകൻ ടോണിയുടെ അകാല നിര്യാണമായിരുന്നു.

എല്ലാവർഷത്തെയും പോലെ ധനസമാഹരണാർത്ഥം വനിതാ വിഭാഗം അംഗങ്ങൾ അച്ചാറുകൾ, കേക്കുകൾ, വീട്ടിലുണ്ടാക്കിയ മറ്റ് ആഹാര സാധനങ്ങൾ എന്നിവ ഒരുക്കി വാർഷിക ദിനത്തിൽ വിൽപ്പന നടത്തി വരുന്നു. ഈ വർഷം ലേഡീസ് വിങ്ങിന്റെ ചാരിറ്റി പ്രവർത്തന ങ്ങളുടെ ഭാഗമായി, ട്രെയിൻ അപകടത്തിൽപ്പെട്ട് ഒരു കാലിനു പൂർണമായി ക്ഷതം സംഭവിച്ച സുരേഷ് എന്നയാൾക്ക് 5000/ രൂപ ധനസഹായം നൽകുകയുണ്ടായി. അനുഗ്രഹപ്രദമായ ഒരു വർഷം കൂടി സമ്മാനിച്ച് നമ്മെ അനുഗ്രഹിച്ച സർവേശ്വരന് സ്തുതി സ്തോത്രങ്ങൾ അർപ്പിച്ചു കൊണ്ട് ഈ റിപ്പോർട്ട് സവിനയം സമർപ്പിച്ചു കൊള്ളുന്നു..

എന്ന്,

ലേഡീസ് വിംഗിനുവേണ്ടി,

**ഷൈനി കോശി കോട്ടപ്പാട്ട്** (പ്രസിഡന്റ് )

*In loving memory of*



# Regi John Thomas

Karippacheril, Oottupara, Konni

(12.12.2024)

*Inserted by:* **Family Members**



*ദൈവ നാമത്തിന് സ്തുതി*

**"നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കയും ഞാൻ പറയുന്നത് ചെയ്യാതിരിക്കയും ചെയ്യുന്നത് എന്ത്? " (ലൂക്കൊ. 6:46)**

ദൈവ മക്കളേ, ദൈവം നമ്മളോട് പറയുന്നത് എന്താണ്? താഴെപറഞ്ഞിരിക്കുന്നത് നമ്മുടെ കർത്താവ് തന്റെ പ്രസംഗത്തിൽ പറഞ്ഞതാണ്. ലൂക്കൊ. 6:27–28 എന്നാൽ കേൾക്കുന്നവരായ നിങ്ങളോട് ഞാൻ പറയുന്നത്:-

1) നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ പകെക്കുന്നവർക്ക് ഗുണം ചെയ്‌വീൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പീൻ, നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പീൻ.

2) നിന്നെ ചെകിട്ടത്ത് അടിക്കുന്നവന് മറ്റേ ചെകിടും കാണിച്ചു കൊടുക്ക.. നിന്റെ പുതപ്പ് എടുത്തു കളയുന്നവന് വസ്ത്രവും തടുക്കരുത്. ലൂക്കൊ. 6:29

3) നിന്നോട് ചോദിക്കുന്ന ഏവനും കൊടുക്ക. നിനക്കുള്ളത് എടുത്തു കളയുന്നവനോട് മടക്കി ചോദിക്കരുത് ലൂക്കൊ. 6:30

4) മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നതു പോലെ തന്നെ അവർക്കും ചെയ്‌വീൻ. ലൂക്കൊ. 6:31. അപ്പോൾ നീ കൃതാർത്ഥനാകും.

5) അങ്ങനെ നിങ്ങളുടെ പിതാവ് മനസ്സലിവുള്ളവൻ ആകുന്നതു പോലെ നിങ്ങളും മനസ്സലിവ് ഉള്ളവൻ ആകുവിൻ. ലൂക്കൊ. 6:36

6) വിധിക്കരുത്, എന്നാൽ നിങ്ങളെയും വിധിക്കയില്ല. ശിക്ഷയ്ക്ക് വിധിക്കരുത്, എന്നാൽ നിങ്ങൾക്കും ശിക്ഷാവിധി ഉണ്ടാകയില്ല. വിടുവിൻ, എന്നാൽ നിങ്ങളേയും വിടുവിക്കും. കൊടുപ്പീൻ എന്നാൽ നിങ്ങൾക്കും കിട്ടും. അമർത്തി കുലുക്കി കവിയുന്നോരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും. ലൂക്കൊ. 6:37–38.

പ്രിയ ദൈവപൈതലേ, മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നീ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ നീ കർത്താവേ കർത്താവേ, എന്ന് നിന്റെ പ്രതികൂല സാഹചര്യത്തിൽ നിലവിളിക്കുമ്പോൾ നമ്മുടെ കർത്താവ് തീർച്ചയായും കേൾക്കും.

കേൾക്കുക മാത്രമല്ല, നിന്റെ ജീവിതത്തിൽ വലിയവിടുതൽ അനുഭവിപ്പാൻ നിനക്ക് സംഗതി വരും. അതുകൊണ്ട് ദൈവം നമ്മോട് ചെയ്യുവാൻ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ആദ്യം നമുക്ക് ചെയ്യാനായി പരിശ്രമിക്കാം.

അതിന് പരിശുദ്ധാത്മാവിന്റെ അധിക ശക്തി നാം പ്രാപിക്കണം. നമ്മുടെ സ്വന്ത ശക്തികൊണ്ട് മുകളിൽ പറഞ്ഞ പല കാര്യങ്ങളും നമുക്ക് ചെയ്യുവാൻ സാധ്യമല്ല.


ദൈവത്തിന്റെ കൃപയ്ക്കായി അപേക്ഷിക്കയും പ്രാർത്ഥിക്കയും ചെയ്യാം. ദൈവം എല്ലാം സാദ്ധ്യമാക്കിതരും. ദൈവം നമ്മെ ഏവരേയും അതിന് സഹായിക്കട്ടെ.

പ്രാർത്ഥനയോടെ,

നിങ്ങളുടെ സഹോദരൻ

**കുഞ്ഞുമോൻ പുത്തൻപുരയ്ക്കൽ**
(നൈനാൻ വർഗീസ്)

*In loving memory of*



# N. G. Stephen (Kochayan)

Nallumalayil, Arattupuzha

(24.09.1932 - 19.03.2025)

*Inserted by:* **Aleyamma Stephen**

**Biji** (N Stephen George), **Jolly**

**Stephy, Stephin**

# വാർദ്ധക്യം ശാപമോ, അനുഗ്രഹമോ ?



നമ്മുടെ ജീവിതം സുഖദുഃഖ സമ്മിശ്രവും അനുഭവങ്ങൾ പേറിയുമുള്ള ഒരു യാത്രയുമാണ്; ഈ യാത്രയുടെ സായാഹ്നമാണ് വാർദ്ധക്യം. ഇന്നത്തെ കുട്ടികളാണ് നാളത്തെ പൗരന്മാർ. അതുപോലെ ഇന്നത്തെ യുവജനങ്ങളാണ് നാളത്തെ വൃദ്ധജനങ്ങൾ.

ഏകദേശം എഴുപതു വർഷങ്ങൾക്ക് മുൻപ് കേരളത്തിൽ കൂട്ടു കുടുംബ വ്യവസ്ഥിതി നിലനിന്നിരുന്നു. പരസ്പരവിശ്വാസവും പ്രായ മായവരോടുള്ള സ്നേഹവും ബഹുമാനവും വിട്ടുവീഴ്ചാ മനോഭാവവും എല്ലാ കുടുംബങ്ങളിലും പ്രകടമായിരുന്നു. വളരെ അനുഭവജ്ഞാനമുള്ള മുത്തശ്ശിമാരും മുത്തശ്ശന്മാരും കുടുംബാംഗങ്ങളെ കൂട്ടിയിണക്കുന്ന കണ്ണികളായി കുട്ടികൾക്ക് പ്രാർത്ഥനകൾ പഠിപ്പിച്ചും, കഥകൾ പറഞ്ഞു കേൾപ്പിച്ചും സന്തോഷത്തോടെ കഴിഞ്ഞിരുന്നു.

കാലത്തിന്റെ കുത്തൊഴുക്കിൽ എല്ലാ സന്തോഷങ്ങളും പോയ് മറഞ്ഞു. അച്ഛനും അമ്മയും അവരുടെ കുട്ടികളും അടങ്ങിയ അണു കുടുംബത്തിലേക്ക് ജീവിതം ഒതുങ്ങി. വൃദ്ധമാതാപിതാക്കൾ അധികപ്പറ്റായി. സന്ധ്യാപ്രാർത്ഥനകളും മുത്തശ്ശിക്കഥകളും അന്യമായി. കുട്ടികൾക്ക് കമ്പ്യൂട്ടറുകളിലൂടെ അത്ഭുതവിദ്യകൾ ലഭിച്ചു. ഒറ്റപ്പെട്ട വൃദ്ധജനങ്ങൾ വൃദ്ധസദനം തേടിപ്പോയി. മക്കളുടെ സ്നേഹവും പരിഗണനയും ലഭിച്ചതും ഇല്ല.

വൃദ്ധമാതാപിതാക്കൾക്കുവേണ്ടി അല്പസമയം കണ്ടെത്തേണ്ടതും സ്നേഹവും, സമയവും മാറ്റിവയ്ക്കേണ്ടതും മക്കളുടെ കടമയാണ്. കുട്ടികൾ ചെയ്യുന്ന നല്ല പ്രവൃത്തികളെ അംഗീകരിക്കുകയും പ്രശംസി ക്കുകയും അവരുമായി സുഹൃദ്ബന്ധം സ്ഥാപിക്കുകയും ചെയ്യേണ്ട താണ്. ഭക്തിരസപ്രധാനങ്ങളായ കഥകളും അനുഭവങ്ങളും അവരു മായി പങ്കിടാൻ കഴിയണം.

വാർദ്ധക്യത്തെ ഭയപ്പെടാതെ, അവരവർക്കു ചെയ്യാവുന്ന ചെറിയ ജോലികളിൽ ഏർപ്പെടുക, നല്ല കവിതകളും ഗാനങ്ങളും ആസ്വദിക്കുക, നല്ല സുഹൃത്തുക്കളുമായി സംഭാഷണങ്ങളിൽ ഏർപ്പെടുക ഇവയെല്ലാം ജീവിത സായാഹ്നങ്ങളെ പ്രകാശപൂർണ്ണമാക്കും.

**പ്രൊഫ. ലീലാമ്മ ചെറിയാൻ**
(നല്ലൂർ പുത്തൻവീട്)

# കുടുംബവും വിശുദ്ധിയും



സമൂഹത്തിന്റെ ഏറ്റവും ചെറിയ ഘടകമായ മനോഹരമായ സ്ഥലമാണ് കുടുംബം. അതിനെ സുന്ദരമാക്കുന്ന സുഗന്ധപുഷ്പങ്ങളാണ് മാതാപിതാക്കൾ. മാതാപിതാക്കളുടെ ജീവിത പുണ്യമാണ് മക്കൾ. ദൈവദാനമായ സന്താനങ്ങളെ ദൈവമക്കളായി വളർത്താനുള്ള വിശുദ്ധ വേദിയാണ് കുടുംബം.

കുടുംബത്തിന്റെ വിശുദ്ധീകരണത്തിനുവേണ്ടി നമുക്ക് പലതും ചെയ്യാൻ കഴിയും. അതിൽ പ്രധാനമാണ് ദൈവസ്നേഹം. എങ്ങനെ നാം ദൈവത്തെ സ്നേഹിക്കണം.... യേശു പറയുന്നു; നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ പ്രമാണങ്ങളെ അനുസരിക്കുക. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഏത് പ്രതിസന്ധിയിലും ഒന്നിച്ചു നിൽക്കുന്നു. നമ്മുടെ ഉത്തരവാദിത്വങ്ങളെ ശരിയായി നിർവഹിക്കുമ്പോൾ, മറ്റുള്ളവരോട് കരുണയും കരുതലും ഉള്ളവരായി ജീവിക്കുമ്പോൾ കുടുംബം വിശുദ്ധീകരിക്കപ്പെടുന്നു.

സഹോദരങ്ങൾ തമ്മിലുള്ള ഐക്യം ഇന്ന് പല കുടുംബങ്ങളിലും കുറഞ്ഞുവരുന്നു. ഇതിന്റെ പ്രധാന കാരണം സ്വാർത്ഥതയാണ്. നിന്റെ സഹോദരൻ എവിടെയെന്ന് കയീനോടു ചോദിച്ച ദൈവം ഇന്ന് അതേപോലെ നമ്മോടും ചോദിക്കുന്നുണ്ട്. സ്വത്തിനും സുഖസൗകര്യങ്ങൾക്കുംവേണ്ടി സഹോദരരെ തള്ളിപ്പറയുന്നത് കുടുംബവിശുദ്ധി നശിപ്പിച്ചുകളയുന്നു.

നമ്മുടെ കുടുംബത്തിന്റെ ഐക്യമാണ് പുറമെ ഉള്ളവരും ശ്രദ്ധിക്കുന്നത്. പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴും അത് ശാന്തമായി പരിഹരിക്കുവാൻ നാം തയ്യാറാകുക. സങ്കീർത്തനം 133 ''ഇതാ സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു.''

കുടുംബത്തോടു ബന്ധപ്പെട്ടിരിക്കുന്ന മറ്റുചില അംഗങ്ങളും നമുക്കുണ്ടല്ലോ. നമ്മുടെ വീട്ടിലുള്ള വൃദ്ധമാതാപിതാക്കൾ, നമ്മുടെ ബന്ധുക്കൾ എല്ലാം നമ്മുടെ സ്നേഹം ആഗ്രഹിക്കുന്നവരാണ്. തിരക്കുമൂലം നാം അവരെ മറന്നുകൂടാ. നമ്മുടെ കുടുംബാംഗങ്ങളെ ഉള്ളുതുറന്നു സ്നേഹിച്ചുകൊണ്ട് വിശുദ്ധിയുടെ പടവുകൾ ഒന്നൊന്നായി കയറിപ്പോകാം.

**ഷേർലി ചെറിയാൻ**
(പൈനുംമൂട്ടിൽ)

# ഇന്നത്തെ തലമുറകൾ



ലക്ഷ്യങ്ങളില്ല ... കടപ്പാടില്ല..
ബന്ധങ്ങളില്ല, ബന്ധുക്കളെ ഇഷ്ടമില്ല,
നാട്ടുകാരെ ഇഷ്ടമല്ല...

പാതിരാത്രി സഞ്ചാരങ്ങൾ..
ചോദ്യം ചെയ്താൽ വീട്ടിൽ ബഹളം..

രാത്രി 2 മണി വരെ, ഉറങ്ങില്ല ,,
എന്നിട്ടോ..... ഉച്ചവരെ ഉറങ്ങി
ഉച്ചയ്ക്ക് എഴുന്നേൽക്കുന്നു ..!

സ്വന്തം വീട്ടിലെയോ, പറമ്പിലെയോ,
ഒരു പണിയും ചെയ്യില്ല

പിതാവിന്റെ വരവിനനുസരിച്ച് വില
അല്പം കുറഞ്ഞ വസ്ത്രമോ,
ചെരിപ്പോ വാങ്ങുവാൻ പറഞ്ഞാൽ,
ഇഷ്ടപ്പെടില്ല.'

സ്വന്തം സമ്പാദിക്കുന്ന പണം
സ്വന്തം കാര്യത്തിന് മാത്രം.
നിയമത്തോടും നിയമവ്യവസ്ഥയോടും പുച്ഛം..
ആചാരങ്ങളോടും അതിന്റെ സംവിധാനങ്ങളോടും അവഗണന..

കഴിക്കാൻ ഉള്ളത് തീൻമേശയിൽ കിട്ടണം..
കഴിച്ച പാത്രമോ, ഉടുത്ത തുണിയോ,
കഴുകില്ല...

കടയിൽ പോയി വീട്ടിലേക്കുള്ള
സാധനങ്ങൾ വാങ്ങുവാൻ മടി..
നാട്ടുകാരോടും, ബന്ധുക്കളോടും മിണ്ടില്ല.

എങ്ങനെയെങ്കിലും, കുടുംബസ്വത്ത്
ബാങ്കിൽ പണയം വയ്പ്പിച്ചു വിദേശ
രാജ്യങ്ങളിലേക്ക് പറക്കുവാനുള്ള

പരിപാടികൾ തുടങ്ങും..
ഇതൊന്നുമില്ലെങ്കിൽ ഒരു ബൈക്ക് വേണം.
മുടി സ്ട്രേറ്റ് ചെയ്യണം ടാറ്റു കുത്തണം
എന്നിട്ട് ലക്ഷ്യമില്ലാതെ ബൈക്കിൽ പറന്ന്
നടക്കണം (ചാവാതെ കിട്ടിയാൽ ഭാഗ്യം)

ഇല്ലെങ്കിൽ മാതാപിതാക്കളോട് കലഹം..
ചില മക്കൾ ആത്മഹത്യ ചെയ്യും,
ചിലപ്പോൾ ആക്രമണത്തിലും
കൊലപാതകങ്ങളിൽ വരെ എത്തും
ജീവിതകാലം മുഴുവൻ മാതാപിതാക്കൾക്കു
കണ്ണീർ മാത്രം ബാക്കി...
ഇതിൽ ആൺപെൺ വ്യത്യാസമില്ലാ
എന്റെ ലൈഫ്.... എന്റെ തീരുമാനം
എന്ന ചിന്തയോടെ...... സ്വാതന്ത്ര്യം വേണം
അതുമാത്രമാണ് ചിന്ത

ആർക്ക് പോയീ

നല്ല ഭക്ഷണം കഴിക്കാതെയും,
നല്ല വസ്ത്രം ധരിക്കാതെയും,
മക്കളുടെ ആവശ്യങ്ങളെല്ലാം
നിറവേറ്റിക്കൊടുത്ത മാതാപിതാക്കൾ
അവസാനനാളിൽ ഓൾഡ് ഏജ് ഹോമിലോ
പാലിയേറ്റീവ് കെയറിലോ മറ്റും ശരണം
മാതാപിതാക്കളുടെയും, ബന്ധുക്കളുടെയും,
അമിത ലാളന.... അവർ തന്നെ അതിന് കാരണക്കാർ...

ഇല്ലായ്മയും വല്ലായ്മയും ഇവർ അറിഞ്ഞിട്ടില്ല..
ശിക്ഷണക്കുറവും, ഭക്ഷണക്കൂടുതലും
ഇല്ലെങ്കിലും എവിടുന്നെങ്കിലും
കടം വാങ്ങിയിട്ടാണെങ്കിലും
മക്കളുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കും
അത് ആവശ്യമാണോ അനാവശ്യമാണോ
എന്ന് ചിന്തിക്കാറില്ല

ഇല്ലാത്ത പണം മുടക്കി മറ്റുള്ളവരുടെ
ഒപ്പമെത്തിക്കാൻ സെൽഫോൺ,
വാഹനങ്ങൾ അങ്ങനെ പലതും വാങ്ങി കൊടുക്കും

ചെറുപ്പത്തിൽ തെറ്റുകൾ
ചൂണ്ടിക്കാണിക്കപ്പെടാതെ പോയതും
ഇല്ലായ്മകൾ അറിയിക്കാതെ പോയതും
ഒക്കെ മാതാപിതാക്കളുടെ തെറ്റു തന്നെയാണ്

ഇതാരും ചിന്തിക്കാറില്ല എന്നതാണ് വാസ്തവം
മാതാപിതാക്കൾക്ക് മക്കളിലുള്ള അമിതവിശ്വാസവും,
മക്കൾ ചെയ്യുന്ന തെറ്റുകളിൻമേൽ ന്യായീകരണം കണ്ടെത്തുകയും
ചെയ്യുമ്പോഴാണ് മക്കൾക്ക് തിന്മയിലേക്കു തിരിയാനുള്ള
സുഗമമായ പാത തെളിഞ്ഞ് കിട്ടുന്നത്.

ഒന്നേ ചെയ്യാനുള്ളൂ.....

മക്കൾക്കു വേണ്ടി ഒത്തിരി സ്വത്തുക്കൾ സമ്പാദിക്കാതിരിക്കുക
മാതാപിതാക്കൾ കഷ്ടപ്പെട്ടുണ്ടാക്കുന്ന പണംകൊണ്ട്
മാതാപിതാക്കൾതന്നെ തിന്നും കുടിച്ചും ആസ്വദിച്ചും
യാത്രകൾ ചെയ്തും ജീവിക്കുക.
മരിക്കുമ്പോൾ വല്ലതും ബാക്കി ഉണ്ടെങ്കിൽ മക്കൾ അനുഭവിക്കട്ടെ

അതുവരെ മക്കൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കുക.
സ്വയം പര്യാപ്തരാവാൻ ശീലിപ്പിക്കുക,
പണത്തിന്റെ വിലയറിയിച്ച് വളർത്തുക

തെറ്റുകൾ ചെറുപ്പം മുതലേ തിരുത്തുക..
ശാസനയും, ശിക്ഷണവും, വേണ്ടത് പോലെ നൽകുക...
എന്റെ കുട്ടി മറ്റാരേക്കാൾ എല്ലാകാര്യത്തിലും
ഒന്നാമനാകണം എന്നുള്ള ചിന്ത വെടിയുക

എന്നിട്ടും നന്നാവാൻ ഭാവമില്ലെങ്കിൽ
പുകഞ്ഞകൊള്ളി പുറത്തേക്ക് വലിച്ചെറിയുക
ശേഷം നിയമനടപടികളുമായി മുന്നോട്ട് പോവുക

''ചിന്തകൾക്കപ്പുറം
ചിന്തിക്കാൻ പറ്റിയാൽ
ഉപകാരപ്പെടും''

(കടപ്പാട് വാട്സാപ്പ് മീഡിയ)

**ജേക്കബ് ജി. കൊച്ചിട്ടി**
(ഷാജി നല്ലുമലയിൽ)

# JEFF AUTO LAB

## POLLUTION CENTRE

**Christian College Jn., Chengannur**

**Mob: 8547557497, 6282616306**




**വാഹന ഇൻഷുറൻസ് എടുത്തു കൊടുക്കപ്പെടുന്നതാണ്**



പാവനസ്മരണയ്ക്ക്



**Annamma Gheevarghese & N. J. Gheevarghese**
**Nallumalayil, Arattupuzha**
*Inserted by:* **Grandson Jacob G. Kochitty & Family**

*In loving memory of*



**Omana Kochitty & N. G. Kochitty**
**Nallumalayil, Koipram**
*Inserted by:* **Jacob G. Kochitty & Family**

# കുടുംബചരിത്രം ബുക്കുകളുടെ കണക്ക്

**അച്ചടിച്ചത് - 750**

## ശാഖാടിസ്ഥാന വിതരണം

| | | |
|---|---|---|
| 1) ഞാലുംമൂട്ടിൽ | - | 90 |
| 2) പുത്തൻപുരയ്ക്കൽ | - | 76 |
| 3) പൈനുംമൂട്ടിൽ | - | 70 |
| 4) മലയിൽ | - | 35 |
| 5) എഴിക്കകത്ത് | - | 50 |
| 6) കല്ലുങ്കൽ | - | 50 |
| പ്രകാശന ദിവസം സ്റ്റേജിലെ വിതരണം | - | 08 |
| **ആകെ** | | **379** |
| **ബാക്കി ബുക്കുകൾ** | | **371** |

| | |
|---|---|
| വിതരണം ചെയ്തത് | 07 |
| 31.03.2025 ലെ സ്റ്റോക്ക് | 364 |

*പ്രത്യേക ശ്രദ്ധയ്ക്ക്:*

**മെയ് 1-ന് നടക്കുന്ന നമ്മുടെ വാർഷിക യോഗത്തിൽ പുനഃപ്രസിദ്ധീകരിച്ച കുടുംബചരിത്ര ഗ്രന്ഥം ലഭ്യമാണ്. ഓരോ പതിപ്പ് എല്ലാ ഭവനങ്ങളും വാങ്ങി സൂക്ഷിക്കേണ്ടതാണ്. ആയത് നമ്മൾ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്ന പതിപ്പിന് സഹായകരമായിരിക്കും.**

# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം
## 2024 ഏപ്രിൽ 01 മുതൽ 2025 മാർച്ച് 31 വരെയുള്ള വരവ് ചിലവ് കണക്കുകൾ

| വരവിനങ്ങൾ | ബഡ്ജറ്റ് | വരവ് | ചിലവിനങ്ങൾ | ബഡ്ജറ്റ് | ചിലവ് |
|---|---|---|---|---|---|
| 1 മുൻ നീക്കിയിരിപ്പ് | | | 1 പ്രിന്റിംഗ് ചാർജ് | 25000.00 | 37300.00 |
| a) പണമായി | 32891.00 | 32891.00 | 2 പൊന്നാട | 5000.00 | 4560.00 |
| b) സേവിംഗ്സ് ബാങ്ക് | 100000.00 | 339559.94 | 3 സമ്മാനം/ പ്രസന്റേഷൻ | 10000.00 | - |
| c) സ്ഥിര നിക്ഷേപം | 666707.00 | 66677.00 | 4 സ്കോളർഷിപ്പ് | 5000.00 | - |
| 2 തന്നാണ്ട് വരവുകൾ | | | 5 സൗണ്ട് സിസ്റ്റം & ഫോട്ടോസ് | 10000.00 | 7650.00 |
| 1 സംഭാവന/ രജി. | 25000.00 | 33050.00 | 6 വിദ്യാഭ്യാസ സഹായം | 5000.00 | - |
| 2 സ്കോളർഷിപ്പ് | 3000.00 | 100.00 | 7 ചികിത്സാ സഹായം | 25000.00 | 20000.00 |
| 3 ജനറൽ ഫണ്ട് | 50000.00 | 5000.00 | 8 പോസ്റ്റേജ് | 2000.00 | 690.00 |
| 4 ആയുഷ്കാല മെമ്പർഷിപ് | 1000.00 | - | 9 സ്റ്റേഷനറി | 1000.00 | 734.00 |
| 5 സബ്സ്ക്രിപ്ഷൻ | 25000.00 | - | 10 യാത്രാചിലവ്/പാരിതോഷികം | 20000.00 | 7900.00 |
| 6 ഡയറക്ടറി സെയിൽ/ Other Books | 1000.00 | 230.00 | 11 wreath | 10000.00 | 9910.00 |
| 7 വിദ്യാഭ്യാസ സഹായം | 5000.00 | - | 12 ബൊക്ക & ഫ്ളവർ | 3000.00 | - |
| 8 ചികിത്സാ സഹായം/ ചാരിറ്റി | 30000.00 | 75000.00 | 13 ഓണാഘോഷം | 30000.00 | 38150.00 |
| 9 ഓണാഘോഷം | 20000.00 | 21700.00 | 14 ക്രിസ്തുമസ് ആഘോഷം | 10000.00 | 9750.00 |
| 10 ക്രിസ്തുമസ് ആഘോഷം | 10000.00 | - | 15 മൊമന്റോ/ വിവാഹസമ്മാനം | 10000.00 | 2950.00 |
| 11 പരസ്യം: ബുള്ളറ്റിൻ | 25000.00 | - | 16 General Exp. / ഇതര ചിലവുകൾ | 10000.00 | 489.00 |
| കലണ്ടർ | 25000.00 | - | 17 വെബ്സൈറ്റ് | 5000.00 | 3250.00 |
| 12 വെബ്സൈറ്റ് | 5000.00 | - | 18 Kudumba Charithram Reprinting | 300000.00 | 268300.00 |
| 13 പലിശ | 40000.00 | 53376.00 | 19 നീക്കിയിരിപ്പ് | | |
| 14 Advertisements | 15000.00 | 10250.00 | a) പണമായി | - | 76488.00 |
| 15 Kudumba Charithram Reprinting | 200000.00 | 145300.00 | b) സ്ഥിര നിക്ഷേപം | - | 816707.00 |
| 16 Kudumba Charithram Books | - | 7000.00 | 1 ജനറൽ ഫണ്ട് | 300000.00 | |
| 17 Ladies wing - Charity | - | 5000.00 | 2 മെഡിക്കൽ ഫണ്ട് | 300000.00 | |
| | | | 3 വിദ്യാഭ്യാസ ഫണ്ട് | 150000.00 | |
| | | | 4 സേവിംഗ്സ് ബാങ്ക് | 43598.00 | 90335.94 |
| **ആകെ** | **12,79,598.00** | **13,95,163.94** | **ആകെ** | **12,79,598.00** | **13,95,163.94** |

# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം
## 2025 – 2026 ലെ ബഡ്ജറ്റ്

| വരവിനങ്ങൾ | തുക |
|---|---|
| 1 മുൻ നീക്കിയിരിപ്പ് | |
| a) പണമായി | 77488.00 |
| b) സേവിംഗ്സ് ബാങ്ക് | 90335.00 |
| c) സ്ഥിര നിക്ഷേപം | 816707.00 |
| 2 തന്നാണ്ട് വരവിനങ്ങൾ | |
| 1 സംഭാവന/ രജി. | 25000.00 |
| 2 സ്കോളർഷിപ്പ് | 3000.00 |
| 3 ജനറൽ ഫണ്ട് | 50000.00 |
| 4 സബ്സ്ക്രിപ്ഷൻ | 30000.00 |
| 5 Kudumba Charithram / Other Books | 100000.00 |
| 6 വിദ്യാഭ്യാസ സഹായം | 5000.00 |
| 7 ചികിത്സാ സഹായം | 30000.00 |
| 8 ഓണാഘോഷം | 25000.00 |
| 9 ക്രിസ്തുമസ് ആഘോഷം | 15000.00 |
| 10 പരസ്യം: വാർഷിക റിപ്പോർട്ട്/ബുള്ളറ്റിൻ | 20000.00 |
| 11 പലിശ | 50000.00 |
| 12 Kudumba Charithram English Version | 200000.00 |
| **ആകെ** | **15,37,530.00** |

| ചിലവിനങ്ങൾ | തുക |
|---|---|
| 1 പ്രിന്റിംഗ് ചാർജ് | 40000.00 |
| 2 പൊന്നാട | 10000.00 |
| 3 സമ്മാനം/ പ്രസന്റേഷൻ | 15000.00 |
| 4 സ്കോളർഷിപ്പ് | 5000.00 |
| 5 സൗണ്ട് സിസ്റ്റം & ഫോട്ടോസ് | 15000.00 |
| 6 വിദ്യാഭ്യാസ സഹായം | 10000.00 |
| 7 ചികിത്സാ സഹായം | 20000.00 |
| 8 പോസ്റ്റേജ് | 1000.00 |
| 9 സ്റ്റേഷനറി | 1000.00 |
| 10 യാത്രാചിലവ്/പാരിതോഷികം | 20000.00 |
| 11 wreath | 15000.00 |
| 12 ബൊക്ക & ഫ്ളവർ | 5000.00 |
| 13 ഓണാഘോഷം | 40000.00 |
| 14 ക്രിസ്തുമസ് ആഘോഷം | 20000.00 |
| 15 മൊമന്റോ/ വിവാഹസമ്മാനം | 10000.00 |
| 16 ഇതര ചിലവുകൾ/General Exp. | 5000.00 |
| 17 വെബ്സൈറ്റ് | 5000.00 |
| 18 Kudumba Charithram English Version | 400000.00 |
| 19 നീക്കിയിരിപ്പ് | |
| a) പണമായി | |
| b) സ്ഥിര നിക്ഷേപം | |
| 1 ജനറൽ ഫണ്ട് | 350000.00 |
| 2 മെഡിക്കൽ ഫണ്ട് | 300000.00 |
| 3 വിദ്യാഭ്യാസ ഫണ്ട് | 150000.00 |
| 4 സേവിംഗ്സ് ബാങ്ക് | 100530.00 |
| **ആകെ** | **15,37,530.00** |


## സ്ഥിര നിക്ഷേപങ്ങൾ

| No. | Items | Federal Bank | Indian Bank | Karur V. Bank | Total |
|---|---|---|---|---|---|
| 1 | General / Welfare Fund | 122516.00 | 145000.00 | 68500.00 | 336016.00 |
| 2 | Medical Fund | 205000.00 | 125691.00 | - | 330691.00 |
| 3 | Educational Fund | 150000.00 | - | - | 150000.00 |
| | **Total** | **477516.00** | **270691.00** | **68500.00** | **816707.00** |

## പ്രസിദ്ധീകരണങ്ങളുടെ സ്റ്റോക്ക് വിവരം

| No. | Items | 31.03.24 Qty. | Sales | Stock on 31.03.25 | Rate per Unit | Total Amount |
|---|---|---|---|---|---|---|
| 1 | Directory | 15 | 3 | 12 | 10 | 120 |
| 2 | Virgin Mary | 14 | 2 | 12 | 200 | 2400 |

Accounts Audited & Found Correct



Auditors : **Abhilash Cherian & Cicil Jacob Cherian**

**John Eapen, Karippacheril**
*(Treasurer)*

## അനുബന്ധം

| | മെമ്മോറിയൽ / എൻഡോവ്മെന്റ് ഫണ്ട് | |
|---|---|---|
| 1 | കരിപ്പാച്ചേരിൽ ശ്രീ. കെ. എൻ. ചാക്കോ മെമ്മോറിയൽ | 1000.00 |
| 2 | കല്ലുങ്കൽ ശ്രീ. തങ്കച്ചൻ മെമ്മോറിയൽ | 1000.00 |
| 3 | താഴത്തേടത്ത് ശ്രീ. റ്റി. എൻ. ജോർജ്ജ് മെമ്മോറിയൽ | 5000.00 |
| 4 | താഴത്തേടത്ത് ചെറുതാല ശ്രീ & ശ്രീമതി എം. കെ. മാത്യു മെമ്മോറിയൽ | 25000.00 |
| 5 | ആറാട്ടുപുഴ താഴത്തേടത്ത് മിസ്സിസ്സ് & ഡോ. റ്റി. ഐ. ഈപ്പൻ മെമ്മോറിയൽ | 2000.00 |
| 6 | കോന്നി മാമ്മൂട്ടിൽ ശ്രീ. കെ. ജി. ജോൺ മെമ്മോറിയൽ | 10000.00 |
| 7 | ശ്രീ. മാമ്മൻ ഉമ്മൻ (മോനി) പുത്തൻപുരയ്ക്കൽ, പുത്തൻകാവ് | 10000.00 |
| 8 | ആറാട്ടുപുഴ നല്ലൂർ പുത്തൻപീടികയിൽ ശ്രീ. എൻ. ഐ. ചെറിയാൻ | 25000.00 |
| 9 | ആറാട്ടുപുഴ നല്ലൂർ പുത്തൻപീടികയിൽ<br>ശ്രീ. എൻ. ഐ. ചെറിയാൻ അലക്സ് (ജൂണിയർ) | 25000.00 |
| 10 | കോന്നി ഊട്ടുപാറ മാമ്മൂട്ടിൽ എസ്റ്റേറ്റിൽ ശ്രീ. കെ. ജോർജ്ജ് ജോസഫ് &<br>ശ്രീമതി അമ്മിണി ജോസഫ് | 20000.00 |
| 11 | മലയിൽ ശ്രീ. എം. ഇ. ജോർജ്ജ് (കടവന്ത്ര, കൊച്ചി) | 25000.00 |
| 12 | അങ്ങാടിക്കൽ എഴിക്കകത്ത് ശ്രീ. ഏബ്രഹാം മാത്യു | 1000.00 |
| 13 | വെരി. റവ. പി. എസ്. സാമുവൽ കോർ എപ്പിസ്കോപ്പാ | 5000.00 |
| 14 | കോഴിക്കോട്, പുത്തൻപുരയ്ക്കൽ, പി. ഒ. മാർക്കോസ് | 25000.00 |
| 15 | ആറാട്ടുപുഴ, താഴത്തേടത്ത്, അമ്മിണി ജോർജ്ജ് | 100000.00 |
| 16 | കോഴഞ്ചേരി പൈനുംമൂട്ടിൽ ഗ്ലോറി ഭവൻ, ഏബ്രഹാം വർഗീസ് മെമ്മോറിയൽ | 25000.00 |
| 17 | എഴിക്കകത്ത് ശാഖാ എൻഡോവ്മെന്റ് | 50000.00 |
| | **ആകെ** | **355000.00** |

## കുടുംബയോഗം രക്ഷാധികാരികൾ
## 2024 – 2026 വർഷങ്ങളിലെ ഭരണസമിതി അംഗങ്ങൾ
## കോ–ഓപ്റ്റ് ചെയ്യപ്പെട്ടവർ ഉൾപ്പെടെ

Chief Patron : **Very Rev. Mathew Thomas Cor-Episcopa**
Puthenpurackal House
Puthencavu P.O.,
Chengannur- 689 123,
Ph: 0479-2453631, 9446385631

Patrons : (1) **Rev. Fr. P.K. Koshy**
Parampil Padinjattinkara, Rose House,
Manthuka P.O., 689 519,
Ph: 04734-260415, 9447654008

(2) **Rev. Fr. Dr. Mathew Koshy**
Kizhakkethalackal House
Piralassery P.O.,
Chengannur - 689 122,
Ph: 0479-2456955

(3) **Rev. Fr. Thomas Joseph**
Pynummoottil House,
Piralassery P.O.
Chengannur- 689 122,
Ph: 0479-2455748, 9946315530

(4) **Rev. Fr. Samuel T. George**
Thazhathedathu House,
Mount Horeb Asram, Muthupilakkadu P.O.,
Sasthamkotta-690 520, Ph: 9526763518

(5) **Rev. Fr. Geevarghese George**
Ayanthikkarottu Puthenpurackal,
Piralassery P.O.,Chengannur-689122,
Ph:04792457694, 9496466114

## Ex. OFFICIO MEMBERS

1 **Mr. K. C. Chacko** (Advisor)
Kolanjikombil,
Arattupuzha P.O., Chengannur-689 123
Ph: 0468-231 7423,9847247070

2 **Mr. P. K. Geevrghese**
Anikattumalayil Veettil,
Edayaranmula West P. O. 689 532
Ph: 9446422937

3. **Mr. Eapen K. Ninan**
Malayil Bethel,
Poomala P.O., Pennukara,
Chengannur- 689 520
Ph: 047-2468944, 9947074100

## COMMITTEE MEMBERS

1. **Mr. Daya Jacob**, Mammootil Marett
2. **Mr. K.O. Thomas**, Kizhakkekalayil
3. **Mr. K. V. Joseph**, Kizhavara
4. **Mr. Rajan Varghese**, Alummoottil
5. **Mr. Ninan John**, lykarethu
6. **Mr. Stephen George**, Parambil
7. **Mr. Zachariah John**, Thoppil Muthirakkalayil
8. **Mr. Ninan Varghese**, Puthenpurackal Pallithekkethl
9. **Mr. Cherian Thomas**, Kizhakkeputhenpurackal
10. **Mr. Eapen George**, Alintaethekkethil New Nest
11. **Mr. P. K. Kurien**, Parampil Padinjattumkara
12. **Mr. Geevarghese Joseph**, Pynummoottil
13. **Mr. Thomas Ninan**, Pynummoottil

14. **Mr. P.C. Mathews**, Pynummoottil Dilkush
15. **Mr. Mony P. Cherian**, Pynummootil
16. **Mr. Prasad Mammen**, Malayil
17. **Mrs.Annie Mammen**, Malayil Valiyaveettil
18. **Mr. M. Y. Tharakan**, Kocheeppantharakan
19. **Mr. Georgie A. Thomas**, Azhikkakathu
20. **Mr. George Mammen**, Mavelil Puthenveedu
21. **Mrs. Nancy K. Cherian**, Mavelil Puthenveedu
22. **Adv. T. E. Eapen**, Thazhathedathu
23. **Mrs. Sarala Stephen**, Thazhathedathu Manimala
24. **Mr. Jacob Koshy**, Aikkara Puthenparambil
25. **Mr. Thomas George,** Kochalumpalackal, Karipuzha

## Co -Opted Members

1. **Prof. Leelamma Cherian**, Nalloor Puthenveedu
2. **Mrs. Shiney Koshy**, Kottappattu
3. **Mrs. Grace Jacob**, Puthenpurackal

## AUDITORS

1. **Mr. Abilash Cherian**, Nandalathu Puthenpurackal
2. **Mr. Cicil Jacob Cherian**, Mamoottil

## EDITORIAL BOARD

2. **Mr. P. K. Geevarghese**
2. **Mr. Jacob G. Kochitty**
3. **Mr. George Mammen**

# വാർഷിക സമ്മേളനം












# വാർഷിക സമ്മേളനം

















കാളിയാങ്കൽ വലിയവീട്ടിൽ
കുടുംബ യോഗം
പുത്തൻകാവ്
ഏഴിക്കകത്ത് ശാഖ



## ഓണാഘോഷം


കാളിയാങ്കൽ വലിയവീട്ടിൽ
കുടുംബയോഗം


കാളിയാങ്കൽ വലിയവീട്ടിൽ
കുടുംബയോഗം







കാളിയാങ്കൽ വലിയവീട്ടിൽ
കുടുംബയോഗം




കാളിയാങ്കൽ വലിയവീട്ടിൽ
കുടുംബയോഗം



# ഓണാഘോഷം



# ക്രിസ്തുമസ് ആഘോഷം















# ക്രിസ്തുമസ് ആഘോഷം



















## കുടുംബചരിത്ര പുസ്തക പുനഃപ്രസിദ്ധീകരണ കമ്മറ്റി ഭാരവാഹികൾ

| | | |
|---|---|---|
| Gen. Convenor | : | **Rev. Fr. Samuel T. George**<br>Ph: 9526763518 |
| Joint Convenor | : | **Sri. John Eapen**<br>Ph: 8281460989 |

Convenors

| | | |
|---|---|---|
| **Mr. Daya Jacob** | - | Ph: 9947549305 |
| **Mr. Stephen George** | - | Ph: 9447107223 |
| **Mr. Cherian P. Oommen** | - | Ph: 9847347963 |
| **Mr. Prasad Mammen** | - | Ph: 9947793642 |
| **Mrs. Valsala Joseph** | - | Ph: 9562686638 |
| **Mrs. Sarala Stephen** | - | Ph: 9495757124 |

## റിപ്പോർട്ടുവർഷത്തിലെ ഭാരവാഹികൾ

| | | |
|---|---|---|
| President | : | Mr. Eapen Cherian<br>Nalloor Puthenveedu,<br>Arattupuzha P.O.,<br>Chengannur-689 123 |
| Vice President | : | Mrs. Valsala Joseph,<br>Ezhikakathu Bunglow<br>Mulakuzha P.O.,<br>Chengannur-689 505 |
| Secretary | : | Mr. Koshy K. Oommen,<br>Kottappattu House<br>Mulakuzha P.O.,<br>Chengannur-689 505 |
| Joint Secretary | : | Jacob G. Kochitty<br>Nallumalayil, Koipram |
| Treasurer | : | Mr. John Eapen<br>Karippacheril, Puthencavu Post<br>Chengannur 689 123 |

# Ladies Wing Members 2024 - 2025



Graphic Systems & Co., Mallappally, 8606212534


HOTEL SREE SARAVANABHAVAN
HOTEL SREE SARAVANA BHAVAN
Pure Vegetarian Restaurant
Opposite HP petrol pump, MC Road
Kumaranalloor, Kottayam
HOTEL SREE SARAVANA BHAVAN
SREE SARAVANABHAVAN
Adequate Parking
One hundred seats A/C restaurant
Prompt Service
Delicious variety dishes
Working time 7.00 am to 10.00 pm
Thali meals
With best Compliments :
George Mammen & Family
Azhikkakath